നം.കെ.എസ്.എ.പി.റ്റി.എ.പി.10/604(എ)/2019 തീയതി 8.08.2019

# പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**ഏറത്ത്** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01.09.2018 മുതൽ 20.06.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ച.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വിജയലക്ഷ്മി പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.06.2019 മുതൽ 04.07.2019 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ അനിൽകുമാർ റ്റി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി രാജശ്രീ സി.ആർ. ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി പ്രസന്ന വിജയകുമാർ | 01.04.2018 മുതൽ 28.12.2018 വരെ |
| | ശ്രീ രാജേഷ് കുമാർ (ചാർജ്ജ്) | 29.12.2018 മുതൽ 20.01.2019 വരെ |
| | ശ്രീമതി ഷൈല റജി | 21.01.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ കെ. രാജ്കുമാർ | 01.04.2018 മുതൽ 23.06.2018 വരെ |
| | ശ്രീമതി കെ. ഷൈലജ (അസി. സെക്രട്ടറി-ഇൻ ചാർജ്ജ്) | 24.06.2018 മുതൽ 25.06.2018 വരെ |
| | ശ്രീമതി സുചിത്ര ദേവി എം. | 26.06.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവ്വഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| **അസിസ്റ്റന്റ് എഞ്ചിനീയർ** | ശ്രീ സൂരജ് സി.ജെ. | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീമതി ശ്രീജകുഞ്ഞമ്മ | 21.06.2018 മുതൽ 22.06.2018 വരെ |
| | ശ്രീമതി ആര്യ എസ്.എസ്. | 23.06.2018 മുതൽ 09.07.2018 വരെ |
| | ശ്രീമതി രമ്യ സത്യൻ വി. | 10.07.2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ശ്രീ സായി പ്രസാദ് (വയല വെറ്ററിനറി ഡിസ്പൻസറി) | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി ജ്യോതി വി. ദേവ് (ഏറത്ത് വെറ്ററിനറി ഡിസ്പൻസറി) | 01.04.2018 മുതൽ 24.04.2018വരെ |
| | ശ്രീമതി ആശാ അലക്സ് (ഏറത്ത് വെറ്ററിനറി ഡിസ്പൻസറി) | 25.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)** | ഡോ. ഹരീഷ് എം. | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ (ആയുർവേദം)** | ഡോ. മാൻസി അലക്സ് | 01.04.2018 മുതൽ 31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീ അനിമോൻ | 01.04.2018 മുതൽ 26.07.2018 വരെ |
| | ശ്രീ മനു നരേന്ദ്രൻ | 28.08.2018 മുതൽ 31.03.2019 വരെ |
| **ഹെഡ്മിസ്ട്രസ്** | ശ്രീമതി ബുഷ്റ സി.എം. | 01.04.2018 മുതൽ 27.07.2018 വരെ |
| | ശ്രീമതി ശ്യാമള | 28.07.2018 മുതൽ 31.03.2019 വരെ |
| **വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ** | ശ്രീ മുഹമ്മദ് ഇക്ബാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി ജീന സി.എസ്. | 01.04.2018 മുതൽ 16.04.2018 വരെ |
| | ശ്രീമതി ബ്രിന്ദ | 17.07.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| **അസി. സെക്രട്ടറി** | ശ്രീമതി ഷൈലജ | 01.04.2018 മുതൽ 31.03.2019 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ബാലൻസ് ഷീറ്റ് - 2018-19
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2018-19
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | **ഭാഗം-1: പൊതു അവലോകനം** | |
| 1. | ബഡ്ജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | സാമ്പത്തിക വിശകലനം | 1-3 |
| 4. | ഫണ്ട് വിനിയോഗം - 2018-19 | 1-4 |
| 5. | പദ്ധതി അവലോകനം | 1-5 |
| 6. | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7. | തനത് വരുമാനം - ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ജനറൽ പർപ്പസ് ഗ്രാന്റ് ഒഴികെ) | 1-7 |
| 8. | ക്ഷേമപദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ദുരിതാശ്വാസ നിധി | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12. | ആഭ്യന്തര നിയന്ത്രണം | 1-12 |
| 13. | വാർഷിക കണക്കിലെ അപാകതകൾ | 1-13 |
| | **ഭാഗം-2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13. | വസ്തുനികുതി ഡിമാന്റ്, കളക്ഷൻ- സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 2-1 |
| 14. | വസ്തുനികുതി പിരിവ്- അപാകതകൾ | 2-2 |
| 15. | വാടക -അപാകതകൾ | 2-3 |
| 16. | തൊഴിൽ നികുതി പിരിവ് - അപാകതകൾ | 2-4 |
| 17. | തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധന നടത്താതെ തൊഴിൽനികുതി ഈടാക്കിയതിനാൽ നികുതി നഷ്ടം | 2-5 |
| 18. | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-6 |
| 19. | ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ | 2-7 |
| 20. | കന്നുകാലി ഫാമുകൾ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല | 2-8 |
| 21. | ലേലം - അപാകതകൾ | 2-9 |
| 22. | ബാരൽ വില ഈടാക്കിയില്ല | 2-10 |
| 23. | ടെണ്ടർ ഫാറം വില പഞ്ചായത്ത് ഫണ്ടിലേക്ക് വകമാറ്റിയില്ല | 2-11 |
| | **ഭാഗം-3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 24. | പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 2.64 കോടി രൂപ ലാപ്സായി | 3-1 |
| 25. | തെരുവ് വിളക്കുകൾ സ്ഥാപിക്കലും, അറ്റകുറ്റപ്പണികളും (പ്രോ.നം.185/19) - ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങൽ നടത്തി - പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം | 3-2 |
| 26. | അടാട്ട് മാതൃകയിലുള്ള തെരുവ് വിളക്ക് അറ്റകുറ്റപ്പണി (പ്രോ.നം.185/19; നിർവ്വഹണത്തിൽ അപാകത | 3-3 |
| 27. | സൂചിക സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് അമിത വില നൽകി സ്കാനർ വാങ്ങി | 3-4 |
| 28. | തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തി പാഴ്ച്ചെലവ് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി വേണം | 3-5 |
| 29. | നിലവിലില്ലാത്ത തെരുവ് വിളക്കുകൾക്ക് കറണ്ട് ചാർജ്ജ് നൽകുന്നു - പ്രതിവർഷ നഷ്ടം 6.08 ലക്ഷം രൂപ | 3-6 |
| 30. | പൊതു ടാപ്പുകളുടെ വെള്ളക്കരം; പാഴ്ച്ചെലവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല | 3-7 |
| 31. | ബാലസഭ- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചത് 6ലക്ഷം രൂപ | 3-8 |
| 32. | അക്രഡിറ്റഡ് ഏജൻസി മുഖേന കുടിവെള്ള പദ്ധതി- അപാകതകൾ | 3-9 |
| 33. | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വികസന ഫണ്ട് ചെലവഴിച്ചു | 3-10 |
| 34. | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-11 |
| 35. | ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമില്ലാത്ത ലൈബ്രറികൾക്ക് പുസ്തകം വാങ്ങി നൽകി | 3-12 |
| 36. | ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി വാങ്ങാതെ ആനുകൂല്യം നൽകി | 3-13 |
| 37. | | |

| | | |
|---|---|---|
| | ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് സബ്സിഡി വിതരണം ചെയ്തു | 3-14 |
| 38. | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഫണ്ടിന്റെ അപര്യാപ്തത മൂലം ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 3-15 |
| 39. | മുൻകൂർ തുക നൽകി - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല | 3-16 |
| 40. | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചറും മറ്റ് ഉപകരണങ്ങളും (പ്രോജക്ട് നം. 51) – പത്രപ്പരസ്യം ചെയ്ത് ടെണ്ടർ ക്ഷണിച്ചതിനുശേഷം പദ്ധതി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി | 3-17 |
| 41. | കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണത്തിലുണ്ടായ അപാകതകൾ | 3-18 |
| 42. | വാട്ടർ അതോറിറ്റി മുഖാന്തിരമുള്ള ഡെപ്പോസിറ്റ് പ്രവൃത്തി - സെന്റേജ് ചാർജ്ജ് ഇനത്തിൽ 2.5% തുക അധികം ഈടാക്കി | 3-19 |
| 43. | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം - പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-20 |
| 44. | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല | 3-21 |
| 45. | മരാമത്ത് പ്രവൃത്തികളുടെ രേഖകളും, രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നില്ല | 3-22 |
| 46. | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി യഥാസമയം അംഗീകാരം വാങ്ങുന്നില്ല | 3-23 |
| 47. | മണക്കാട് ലക്ഷം വീട് കോളനി റോഡ് ഡ്രെയിൻ (238/19) – അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി | 3-24 |
| 48. | കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല | 3-25 |
| 49. | റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം ഫലപ്രദമല്ല | 3-26 |
| 50. | പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മാണത്തിനിടെ തകർന്നു | 3-27 |
| 51. | നീർത്തട പദ്ധതി നടപ്പായില്ല – അക്കൗണ്ടിൽ 29.4 ലക്ഷം രൂപ മുടങ്ങി കിടക്കുന്നു | 3-28 |
| 52. | നീർത്തട അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന തുക തിരിച്ചടയ്ക്കണം | 3-29 |
| 53. | അഗതി രഹിത കേരളം പദ്ധതി മുടങ്ങികിടക്കുന്നു | 3-30 |
| 54. | ഖരമാലിന്യ പരിപാലനം - ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചില്ല | 3-31 |
| 55. | ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നില്ല | 3-32 |
| 56. | ഇ.എം.എസ്. ഭവന പദ്ധതിയുടെ അക്കൗണ്ടിൽ 2.07 ലക്ഷം രൂപ ചെലവാകാതെ അവശേഷിക്കുന്നു | 3-33 |
| 57. | നിർജ്ജീവ അക്കൗണ്ട് ക്ലോസ് ചെയ്യണം | 3-34 |
| 58. | ജാഗ്രതാ സമിതി നിർജ്ജീവം | 3-35 |
| 59. | വാർഷിക പദ്ധതിയിൽ വനിതാ ഘടക പദ്ധതിയ്ക്ക് 10 ശതമാനം തുക വകയിരുത്തിയില്ല | 3-36 |
| | **ഭാഗം 4: ഓഡിറ്റ് പ്രത്യവലോകനം** | |
| 60. | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 61. | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 62. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 63. | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 64. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 65. | ഓഡിറ്റ് റിക്കവറി | 4-6 |
| 66. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 67. | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 68. | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2018-19 വർഷത്തെ ബഡ്ജറ്റ് 16.03.2018-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 10648219 | 12491789 | (+)1843570 |
| വരവ് | 263616840 | 119089458 | (-)144527382 |
| ആകെ | 274265059 | 131581247 | (-)142683812 |
| ചെലവ് | 265594337 | 113022365 | (-)152571972 |
| നീക്കിയിരിപ്പ് | 8670722 | 18558882 | (+)9888160 |

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ തുകകളും തമ്മിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 21.06.2019 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| [illegible] | |

| | |
|---|---|
| മുന്നിരിപ്പ് | 12491789 |
| വരവ് | 119089458 |
| ആകെ | 131581247 |
| ചെലവ് | 113022365 |
| നീക്കിയിരിപ്പ് | 18558882 |

# 1-4 ഫണ്ട് വിനിയോഗം - 2018-19

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | തൻ വർഷത്തെ ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 16664000 | 16664000 | 11354353 | 5309647 | 68 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 11615000 | 11615000 | 9957817 | 1657183 | 86 |
| വികസന ഫണ്ട് - റ്റി.എസ്.പി | 0 | 300000 | 300000 | 0 | 300000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7734000 | 7734000 | 7733046 | 954 | 99.99 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 42844000 | 42844000 | 20553381 | 22290619 | 48 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 3402000 | 3402000 | 2077824 | 1324176 | 61 |
| യുണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 0 | 14157056 | 14157056 | 14120803 | 36253 | |
| എസ്.ബി.റ്റി. സീറോ ബാലൻസ് | 69235 | 150190 | 219425 | 50049 | 169376 | |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 874850 | 10406483 | 11281333 | 18583145 | 9278392 | |
| ഡി.സി.ബി. (സാക്ഷരത) | 3508 | 0 | 3508 | 0 | 3508 | |
| എം.ജി.എൻ.ആർ.ഇ. ജി.എസ്. | 2126 | 1032184 | 1034310 | 1021514 | 12796 | |
| ട്രഷറി റ്റി.എസ്.ബി. (ജോയിന്റ് വെഞ്ചുർ) | 0 | 17618339 | 17618339 | 14814910 | 2803429 | |
| ബി-ഫണ്ട് | 0 | 46529760 | 46529760 | 46529760 | 0 | |
| തനത് ഫണ്ട് | 11470482 | 11260138 | 22730620 | 9319968 | 13410652 | |
| ക്യാഷ് | 71487 | 119826 | 191313 | 71487 | 119826 | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2018-19 | 253 | 196184317 | 170 | 93042320 | 83 | 67.19 |

# 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 8101400 | 5388532 | 66.51 |
| വെറ്ററിനറി സർജൻ | 6 | 6 | 4925500 | 2005500 | 40.72 |

**<u>നിർബന്ധിത വകയിരുത്തലുകളും ചെലവും</u>**

| പദ്ധതി | വകയിരുത്തൽ | ചെലവ് |
|---|---|---|
| വനിതാ ഘടക പദ്ധതി | 71500 | 61500 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 3825500 | 3310565 |
| പാലിയേറ്റിവ് കെയർ | 1265000 | 947260 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 400000 | 17320 |
| യുവജന വികസന പദ്ധതി | 0 | 0 |

| | | |
|---|---|---|
| ആശ്രയ പദ്ധതി | 200000 | 200000 |

# 1-7 തനത് വരുമാനം - ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ജനറൽ പർപ്പസ് ഗ്രാന്റ് ഒഴികെ)

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം (2016-17) | തൻവർഷം (2018-19) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 14131143 | 10350358 | 3780785 | (-)27 |
| നികുതിയേതര വരവുകൾ | 952429 | 472162 | 480267 | (-)50 |
| മറ്റ് വരവുകൾ | 338628 | 356477 | 17849 | (+)5 |
| ആകെ | 15422200 | 11178997 | 4243203 | (-)28 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 110 | 1529200 |
| വിധവാ പെൻഷൻ | 1100 | 12787300 |
| വാർദ്ധക്യകാല പെൻഷൻ | 2379 | 27263400 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 324 | 4078300 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 43 | 499200 |
| തൊഴിൽ രഹിത വേതനം | 89 | 162360 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.07.2019 തീയതിയിൽ 3 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 10630 (പതിനായിരത്തി അറുന്നൂറ്റിമുപ്പത് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ദുരിതാശ്വാസ നിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ്, | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.05.2019 | 2019, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ | 10.05.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.12.2015 | 2010-11 മുതൽ 2014-15 വരെ | 11.02.2016 |

## 1-12 ആഭ്യന്തര നിയന്ത്രണം

**പൊതുനിയന്ത്രണം:** ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.

**വൗച്ചറുകളുടെ സൂക്ഷിപ്പ്:** വൗച്ചറുകൾ കൃത്യമായും ക്രമപ്രകാരവും സൂക്ഷിച്ചിട്ടുണ്ട്.

**രേഖകളുടെ സൂക്ഷിപ്പ്:** ആസ്തി രജിസ്റ്റർ, തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ, ഓഫീസ് ആവശ്യത്തിന് വാങ്ങുന്ന സ്റ്റേഷനറി സാധനങ്ങൾ, സൗജന്യമായി/വിലയ്ക്ക് നൽകുന്ന ഫാറങ്ങൾ, നോട്ടീസുകൾ മുതലായവയുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

**പേഴ്സണൽ രജിസ്റ്റർ:** സെക്ഷനുകൾ പേഴ്സണൽ രജിസ്റ്ററുകൾ സൂക്ഷിച്ചിരുന്നില്ല. പേഴ്സണൽ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുക അസാധ്യമാണ്.

**അക്കൗണ്ടിംഗ് സംവിധാനം:** സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സുഗമമായി നടത്തിയിട്ടുണ്ട്.

**ആസ്തി സംരക്ഷണം:** ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കുന്നതിനും ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ B-3:- വിവിധ ഫണ്ടുകളിൽ നിന്നും ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേയ്ക്ക് മാറ്റിയിട്ടില്ല. ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ മുൻവർഷത്തെ തുക തന്നെ ഈ വർഷവും നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു.
2. ഷെഡ്യൂൾ B-15:- വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി (അരിയർ, കറന്റ്) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ഷെഡ്യൂൾ RP 38:- സുലേഖ സോഫ്റ്റ് വെയറിലെ ചെലവ് പത്രിക പ്രകാരം തൻവർഷം 7997051 രൂപയുടെ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ടി ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിലുള്ള തുക 5046719 രൂപയാണ്.
4. 26.07.11ലെ ജി.ഒ(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്തിൻറെ ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തീകരിച്ചിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഡിമാന്റ്, കളക്ഷൻ- സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<u>വസ്തുനികുതി - തൻവർഷം</u>

| സഞ്ചയ പ്രകാരം | | | വാർഷിക കണക്ക് പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 5729968 | 5448884 | 281084 | 4239254 | 4010804 | 228450 |

സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കളക്ഷൻ തുകകൾ തമ്മിൽ 1438080 രൂപയുടെ വ്യത്യാസമുണ്ട്. ഈ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി പിരിവ്- അപാകതകൾ

**1) ഘടനാപരമായ മാറ്റങ്ങൾക്കനുസരിച്ച് വസ്തുനികുതി പരിഷ്കരിക്കുന്നില്ല**

നികുതി നിർണ്ണയിച്ച ശേഷം കെട്ടിടത്തിനുണ്ടായ ഘടനാപരമായ മാറ്റങ്ങൾക്കനുസൃതമായി വസ്തു നികുതി പുനർ നിർണ്ണയിക്കുന്നില്ല. എക്സ്റ്റൻഷനായി പെർമിറ്റ് എടുക്കുകയും പൂർത്തീകരണശേഷം ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും ചെയ്യുന്നവരുടെ വസ്തുനികുതി മാത്രമാണ് പുനർനിർണ്ണയിക്കുന്നത്. 2013 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ ഘടനാപരമായ മാറ്റങ്ങൾ വന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ കൃത്യമായി ഡേറ്റ എൻട്രി ചെയ്യാത്തതിലുണ്ടായ വീഴ്ചമൂലം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി നികുതി ഇനത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്.

ഉദാഹരണമായി 1-ാം വാർഡിലെ ഒന്നാം നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി 130 രൂപയാണ്(ഒരു നില, 130m2). 1993-ൽ നികുതി നിർണ്ണയിച്ച ഈ കെട്ടിടത്തിന് ഘടനാപരമായ മാറ്റങ്ങൾ വന്നിട്ടില്ല എന്ന് രേഖപ്പെടുത്തി വസ്തു നികുതി പുനർ നിർണ്ണയത്തിനുശേഷവും നിലവിലുണ്ടായിരുന്ന നികുതി തന്നെ ഡിമാന്റ് ചെയ്യുകയാണുണ്ടായത്. എന്നാൽ നിലവിൽ ഇത് രണ്ടു നില കെട്ടിടമാണ്. ഇത്തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയ ശേഷവും കുറഞ്ഞ നികുതി നിരക്കിൽ തുടരുന്ന നിരവധി കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിലുണ്ടെന്ന് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉൾപ്പടെയുള്ളവർ എക്സിറ്റ് മീറ്റിംഗിൽ അഭിപ്രായപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തി വസ്തുനികുതി ഡിമാന്റിലുണ്ടായ കുറവ് പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**2) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചുള്ള എല്ലാ മൊബൈൽ ടവറുകളുടേയും വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 5മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള എല്ലാ മൊബൈൽ ടവറുകളും വസ്തുനികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിൽ മണക്കാല ജംഗ്ഷന് സമീപം സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്തപ്പോൾ 9 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ടെന്ന് മെമ്പർമാർ അഭിപ്രായപ്പെട്ടു. മാത്രമല്ല 15$m^2$-ൽ താഴെ തറ വിസ്തീർണ്ണമാണ് സഞ്ചയയിൽ രേഖപ്പെടുത്തി കാണുന്നത്. ഈ സാഹചര്യത്തിൽ അടിയന്തിരമായി സ്പെഷ്യൽ ഡ്രൈവ് നടത്തി ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള മൊബൈൽ ടവറുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതും എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ മൊബൈൽ ടവറുകളുടേയും അനുബന്ധ കെട്ടിടങ്ങളുടേയും തറ വിസ്തീർണ്ണം തിട്ടപ്പെടുത്തി ആയതിനനുസൃതമായി വസ്തുനികുതി പുനർനിർണ്ണയിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**3)100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി ചുമത്തുന്നു- പഞ്ചായത്തിന് വരുമാന നഷ്ടം**

കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ വാണിജ്യാവശ്യത്തിനു മാത്രമായുള്ള 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഭാഗങ്ങളായി തിരിച്ച് 100 ച.മീ. -ൽ താഴെ വിസ്തീർണ്ണമുള്ളതാക്കി വസ്തു നികുതി നിർണയിക്കുന്നതുമൂലം പഞ്ചായത്തിന് വലിയതോതിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്.

ഉദാഹരണത്തിന് പത്താം വാർഡിൽ ശ്രീ.ജിബു ജോർജ് രാജു, ചാലുക്കാവിൽ ഹൗസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള കൊമേഴ്ഷ്യൽ കെട്ടിടത്തിന് 483, 484, 485 എന്നീ കെട്ടിടനമ്പരുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇവയുടെ തറവിസ്തീർണ്ണം യഥാക്രമം 30.33$m^2$, 59.5$m^2$, 59.5$m^2$ എന്നിങ്ങനെയാണ്. ആകെ തറവിസ്തീർണ്ണം 152.33 ചതുരശ്ര മീറ്റർ ആണെങ്കിലും ഇത്തരത്തിൽ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതിനാൽ 100$m^2$-ന മുകളിൽ വിസ്തിർണ്ണമുള്ള കൊമേർഷ്യൽ കെട്ടിടത്തിന് ബാധകമായ ചതുരശ്ര മീറ്ററിന് 60 രൂപ എന്ന നിരക്കിന് പകരം 100ചതുരശ്ര മീറ്ററിൽ താഴെയുള്ള കെട്ടിടത്തിന് ബാധകമായ 45 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. മൂന്ന നമ്പരുകളിലായി നികുതി നിർണ്ണയിച്ചിരിക്കുന്ന ഈ കെട്ടിടത്തിൽ റൂഫിംഗ് മെറ്റീരിയൽ നിൽപ്പന നടത്തുന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നത്. അതായത് ഒരേ വ്യാപാര ആവശ്യത്തിനായി ഉപയോഗിക്കുന്നകെട്ടിടം വിഭജിച്ച് നികുതി നിർണ്ണയിച്ചതുമൂലം നികുതി ഈടാക്കിയതിൽ കുറവുണ്ടായി.

ഈ സാഹചര്യത്തിൽ 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ച എല്ലാ അസ്സസ്സ്മെന്റുകളും പരിശോധിക്കേണ്ടതും കെട്ടിടത്തിന്റെ മുഴുവൻ വിസ്തീർണ്ണത്തിന് ബാധകമായ വസ്തു നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച്, ഈടാക്കാൻ ബാക്കിയുള്ള തുകകൾ ഈടാക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

4)വ്യാപാര/ഓഫീസ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് വാസഗൃഹങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി ഈടാക്കുന്നു

പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം നൽകിയിട്ടുള്ള ഡി&ഒ ലൈസൻസുകൾ പരിശോധിച്ചതിൽ പല വാണിജ്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് ഗാർഹികാവശ്യത്തിനെന്നപേരിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇപ്രകാരം ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ചില കെട്ടിടങ്ങളുടെ വിവരം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| ലൈസൻസ് എടുത്ത വ്യക്തിയുടെ പേരും വിലാസവും | ഉപയോഗ ക്രമം | സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതി ചെയ്യുന്ന വാർഡ് | കെട്ടിട നമ്പർ |
|---|---|---|---|
| പ്രസാദ്, നെല്ലിക്കൽ ഹൗസ് | അക്കൗണ്ടിംഗ് കമ്പനി ഓഫീസ് പ്രവർത്തിക്കുന്നു | XVI | 146 |
| വിനീത് വിക്രമൻ | ഇലക്ട്രോണിക്സ് സർവ്വീസ് സെന്റർ( കെട്ടിടം വസന്തകുമാരിയമ്മ, ശ്രീശൈലം എന്നയാളുടെ ഉടമസ്ഥതയിലാണ്) | XI | 15 |

ഇങ്ങനെ താമസാവശ്യത്തിനെന്നപേരിൽ നികുതി നിർണ്ണയിച്ച് വാണിജ്യാവശ്യത്തിന് കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഉപയോഗക്രമത്തിലുള്ള വ്യതിയാനം കെട്ടിട ഉടമകൾ 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും 203ാം വകുപ്പ്, ഉപവകുപ്പ് 16(2),(3) എന്നിവ പ്രകാരം ഒരു കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച് മാറ്റമുണ്ടാകുകയാണെങ്കിൽ അതിനനുസൃതമായ ഇളവുകളും വർദ്ധനവുകളും കണക്കിലെടുത്ത് കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി സെക്രട്ടറി പുതുക്കി നിശ്ചയിക്കേണ്ടതുമാണ്.

ഇപ്രകാരം ഉപയോഗക്രമ വ്യതിയാനമുള്ള കെട്ടിടങ്ങൾ കണ്ടെത്തേണ്ടതും അതുമൂലമുള്ള വരുമാന നഷ്ടം നിജപ്പെടുത്തി ഈടാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

# 2-3 വാടക -അപാകതകൾ

### 1. വാടകയിന്മേൽ ജി.എസ്.ടി. ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ 2018 നവംബർ മാസം വരെ വാടകയിന്മേൽ ജി.എസ്.റ്റി. ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകിയിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് 01.07.2017 മുതൽ ജി.എസ്.ടി. ബാധകമാക്കിയിട്ടുണ്ട് (01.11.2017-ലെ സ.ഉ.(അച്ചടി)നം.87/2017/ തസ്വഭവ നമ്പർ ഉത്തരവ്). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നം.7 തീയതി 24-06-2019 പഞ്ചായത്തിന് ജി.എസ്.ടി. രജിസ്ട്രേഷൻ ലഭിച്ചത് 2018 നവംബർ മാസത്തിലാണെന്നും ഡിസംബർ മാസം മുതൽ വാടകയോടൊപ്പം ജി.എസ്.ടി. ഈടാക്കുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2018 നവംബർ മാസം വരെയുള്ള ജി.എസ്.ടി. തുക കണക്കാക്കി വാടകക്കാരിൽ നിന്നും ഈടാക്കേണ്ടതും ആയത് സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

### 2. വാടക - കരാർ ചമയ്ക്കുന്നില്ല

വാടകകരാർ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള യാതൊരു നിർദ്ദേശങ്ങളും പാലിക്കാതെ മുദ്രപത്രം വാങ്ങി പേരെഴുതി സൂക്ഷിക്കുക മാത്രമാണ് ചെയതിട്ടുള്ളത്. പ്രസന്നൻ, ചരുവിള പുത്തൻവീട് എന്നയാളുടെ കരാർപത്രം ഒഴിച്ച് മറ്റുള്ളവരുടെ കരാർ പത്രങ്ങളിൽ ഒന്നും എഴുതി ചേർത്തിട്ടില്ല. ഇതുമൂലം കരാർ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007 തീയതിയിലെ സർക്കുലർ (നം.എച്ച് 1-13880/06) പ്രകാരം പഞ്ചായത്ത് കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതുപ്രകാരം വിശദമായും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

### 3. കോടതി കേസ് നിലനിൽക്കുന്നതിനാൽ കടമുറിയുടെ വാടക ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ 9 കടമുറികളിൽ 8 എണ്ണത്തിൽ നിന്നും തൻവർഷം വാടക ഈടാക്കിയിട്ടുണ്ട്. എന്നാൽ 3/491 നമ്പർ കടമുറിയുടെ ലേലാവകാശവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതും ഗ്രാമപഞ്ചായത്ത് ഇതിനെതിരെ എതിർ സത്യവാങ്മൂലം ഫയൽ ചെയ്ത് കേസ് നടത്തി വരികയാണെന്നും നാളിതുവരെ ലഭിക്കേണ്ടിയിരുന്ന വാടക തുകയ്ക്ക് തുല്യമായ തുക കുടിശ്ശിക സഹിതം ടി വ്യക്തിയിൽ നിന്നും ഈടാക്കുന്നതിന് നിലവിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ടി കേസിന്മേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 തൊഴിൽ നികുതി പിരിവ് - അപാകതകൾ

2018-19 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് , പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | സർവ്വീസ് സഹകരണ ബാങ്ക്, മണക്കാല | ഒന്നുംരണ്ടും അർദ്ധ വർഷം |
| 3 | പോസ്റ്റോഫീസ്, വയലപറക്കോട് | രണ്ടാം അർദ്ധവർഷം |
| 4 | ശ്രീ എക്സ്പോർട്ട് എന്റർപ്രൈസസ് | രണ്ടാം അർദ്ധവർഷം |
| 7 | റേഷൻ കടകൾ | ഒന്നുംരണ്ടും അർദ്ധ വർഷം |

2. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പഞ്ചായത്തു പരിധിയിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. മേൽപ്പറഞ്ഞ വ്യക്തി/സ്ഥാപനങ്ങളിൽ നിന്ന് നിയമാനുസൃതം തൊഴിൽനികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 2-5 തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധന നടത്താതെ തൊഴിൽനികുതി ഈടാക്കിയതിനാൽ നികുതി നഷ്ടം

തൊഴിൽനികുതി സ്റ്റേറ്റ്മെന്റുകളിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കാതെ നികുതി സ്വീകരിച്ചിരിക്കുന്നതിനാൽ വരവ് നഷ്ടം ഉണ്ടായിരിക്കുന്നു. വരുമാനം കണക്കാക്കുമ്പോൾ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ എന്നിവ കണക്കിലെടുക്കണമെന്നിരിക്കെ ക്ഷാമബത്ത കണക്കാക്കാതെ തൊഴിൽ നികുതി നിർണ്ണയിച്ചതിനാൽ കേരള ആംഡ് പോലീസ് തേർഡ് ബറ്റാലിയൻ, അടൂർ എന്ന സ്ഥാപനത്തിൽ നിന്നും ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി കുറവായാണ് ഇടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ഈടാക്കിയ നികുതി |
|---|---|---|---|
| ശ്രീലാൽ ആർ. | 119212 | 0 | 1000 |
| ലിബിൻ ബാബു | 123604 | 0 | 1000 |
| ശ്രീജ സി.നായർ | 114055 | 0 | 1000 |
| വിഷ്ണു വിജയൻ | 114103 | 0 | 1000 |

അടിസ്ഥാന ശമ്പളത്തോടൊപ്പം ക്ഷാമബത്ത കൂടി കണക്കിലെടുക്കുമ്പോൾ ഓരോരുത്തർക്കും ഈടാക്കേണ്ടിയിരുന്ന നികുതി 1250 രൂപാ വീതം ആയിരുന്നു. എന്നാൽ ഇത്തരത്തിൽ നികുതി സ്വീകരിച്ചതു മൂലം ആകെ 1000 രൂപയുടെ വരവ് നഷ്ടം കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.14 തീയതി 26.06.19) ക്ഷാമബത്ത കാണിക്കാത്തതിന്റെ കാരണം അറിയിക്കണമെന്ന് കാണിച്ച കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. കുറവുള്ള തുക അടവാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 2-6 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തികവർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ബി.എസ്.എൻ.എൽ., കിളിവയൽ |

| | |
|---|---|
| 2 | സർവ്വീസ് സഹകരണ ബാങ്ക്, മണക്കാല |
| 3 | സർവ്വീസ് സഹകരണ ബാങ്ക്, വടക്കടത്തുകാവ് |

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14തീയ്യതി 27.6.2019) മേൽ സ്ഥാപനങ്ങൾക്ക് നികുതി അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട് . മേൽ അപാകതകൾ പരിഹരിച്ചും ഈടാക്കാനവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കിയും വിവരം അറിയിക്കേണ്ടതാണ്.

# 2-7 ലൈസൻസ് ഫീസ് പിരിവ് - അപാകതകൾ

**1. പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല**

31.10.2017 തീയതിയിലെ ജി.ഒ.(പി.)നം.80/2017/ത.സ്വ.ഭ.വ. (എസ്.ആർ.ഒ നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ്ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം 2018-19 വർഷത്തിൽ ഫീസ് പിരിക്കുന്നതിന് അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയോ പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31തീയതി 02.07.2019) ലൈസൻസ് അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ ചട്ടങ്ങൾ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**2. ഗ്രാമപഞ്ചായത്തിലെ എല്ലാ വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല**

വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന **1309** കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 1051 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 30 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 0 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 0 |
| ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പെടെ) | 112 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 6 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 75 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 35 |
| ആകെ | 1309 |

തൻവർഷം 315 സ്ഥാപനങ്ങളാണ് പഞ്ചായത്തിന്റെ ലൈസൻസോടു കൂടി പ്രവർത്തിച്ചിട്ടുള്ളത്. സഞ്ചയയിലെ കണക്കു പ്രകാരം 13 കെട്ടിടങ്ങൾ മാത്രമാണ് പഞ്ചായത്ത് പരിധിയിൽ തൻവർഷം ഒഴിഞ്ഞു കിടന്നത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ കണക്കുകളും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. ഉദാ. മഹർഷി മംഗലം വാർഡിൽ ശ്രീമതി ശശികുമാരിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഐ.ഒ.സി. യുടെ പെട്രോൾ പമ്പ്, പരുത്തിപ്പാറ വാർഡിൽ പ്രവർത്തിക്കുന്ന പൂർണിമാ ഗ്യാസ് ഗോഡൗൺ എന്നിവ നാളിതുവരെയും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾ നൽകാൻ നിർദ്ദേശിക്കേണ്ടതുമാണ്. അവയിൽ നിന്നെല്ലാം ഫീസ് ഈടാക്കി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. <u>റേഷൻകടകൾ പഞ്ചായത്തിൽനിന്നും ലൈസൻസ് എടുക്കുന്നില്ല</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 18റേഷൻ കടകളിൽ ഒന്നും തന്നെ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല.

# 2-8 കന്നുകാലി ഫാമുകൾ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടില്ല

വെറ്ററിനറി ഡിസ്പെൻസറിയിലെ കണക്കു പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ചുവടെ പറയുന്ന ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | പേര് | സ്ഥാപനം | കന്നുകാലികളുടെ എണ്ണം |
|---|---|---|---|
| 1. | വിഷ്ണു ആർ.പിള്ള | ഡയറി ഫാം | 18 |
| 2. | ജോസ് തോമസ് | ഡയറി ഫാം | 24 |
| 3. | മധുസൂദനൻ | ഡയറി ഫാം | 24 |
| 4. | റെജി | ഡയറി ഫാം | 14 |
| 5. | രമേഷ് &സുജിത്ത് | ഡയറി ഫാം | 26 |
| 6. | കരുണാകരൻ | ഡയറി ഫാം | 8 |
| 7. | മോഹനൻപിള്ള | ഡയറി ഫാം | 6 |

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കന്നുകാലി ഫാമുകൾ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് എടുക്കുന്നില്ല. ചട്ടം 3 പ്രകാരം 5 എണ്ണത്തിൽ കൂടുതൽ കന്നുകാലികളെയോ 20 എണ്ണത്തിൽ കൂടുതൽ ആടുകളെയോ 100 എണ്ണത്തിൽ കൂടുതൽ പക്ഷികളെയോ വളർത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ഫാമുകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നടപടി

സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഇക്കാര്യത്തിൽ അടിയന്തിര ഇടപെടൽ നടത്തി ലൈസൻസ് നൽകേണ്ടതാണ്.

## 2-9 ലേലം - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള അവകാശം 07.04.18 ലെ 4/1 കമ്മറ്റി തീരുമാന പ്രകാരം 3 വർഷത്തേക്ക് ചുവടെ പറയുന്നവർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | മത്സ്യകൃഷി നടത്തുന്ന കുളത്തിന്റെ പേര് |
|---|---|---|
| 1 | സുരേഷ്, ചൂരക്കോട് | വഞ്ഞിപ്പുഴ |
| 2 | സുനകുമാർ, വടക്കടത്തുകാവ് | പുന്നലക്കുളം |
| 3 | സുനകുമാർ, വടക്കടത്തുകാവ് | പോണാൽകുളം |
| 4 | ഹാറൂൺ, കണ്ണംകോട് | കിളിവയൽ കുളം |

ഇത് സംബന്ധിച്ച് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ടി ആളുകളിൽ നിന്നും മുദ്രപത്രങ്ങൾ വാങ്ങി പേരെഴുതി സൂക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള യാതൊരു നിർദ്ദേശങ്ങളും പാലിക്കുന്നില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007 തീയതിയിലെ സർക്കുലർ (നം.എച്ച് 1-13880/06) പ്രകാരം പഞ്ചായത്ത് കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതുപ്രകാരം വിശദമായും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-10 ബാരൽ വില ഈടാക്കിയില്ല

2017-18-ലെ വർഷം പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള നാല് റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ 25852 രൂപയുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | പ്രവൃത്തി മൂല്യം | കാലി ബാരലുകളുടെ എണ്ണം | ബാരൽ വില |
|---|---|---|---|---|---|
| 1 | കോട്ടക്കത്തറപടി - തട്ടാരുപടി റോഡ് റീടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ & സൈഡ് കെട്ട് (262/19) | ശ്രീ ബിജു കരകാലിൽ | 449767 | 12 | 3372 |
| 2 | സി.എസ്.ഐ. പള്ളി - ചെരുവിൽ റോഡ് & ടാറിംഗ് & ഐറിഷ് ഡ്രെയിൻ (225/19) | ശ്രീ കെ.ജെ. ബിജു | 749246 | 38 | 10678 |
| 3 | കനാൽ നഗർ ചരുവിൽ അങ്കണവാടി റോഡ് റീ ടാറിംഗ് & ഐറിഷ് ഡ്രെയിൻ (223/19) | ശ്രീ കെ.ജെ. ബിജു | 619241 | 18 | 5058 |
| 4 | വിളയിൽപ്പടി - വായനശാലപടി റോഡ് പുനരുദ്ധാരണം (231/19) | ശ്രീ ബിനു തോമസ് | 1647703 | 24 | 6744 |
| | ആകെ | | | | 25852 |

മേൽകാണിച്ചിരിക്കുന്ന നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-11 ടെണ്ടർ ഫാറം വില പഞ്ചായത്ത് ഫണ്ടിലേക്ക് വകമാറ്റിയില്ല

2018-19 വർഷം 86 മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്ത വകയിൽ 154790 രൂപ ടെണ്ടർ ഫാറം വിലയായി ലഭിച്ചിട്ടുണ്ട്. ഈ തുക പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ടെണ്ടർ ഫാറം വില ഓഡിറ്റ് തീയതിവരെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് വകമാറ്റിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട 154790 രൂപ ജില്ലാ പഞ്ചായത്തിൽനിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ 2.64 കോടി രൂപ ലാപ്സായി

അസി. എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ 2018-19 വർഷം 101847266 രൂപ അടങ്കലുള്ള 177 പ്രോജക്ടുകളായിരുന്നു ഉണ്ടായിരുന്നത്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയരുന്ന പദ്ധതികളിൽ 59 പ്രവൃത്തികൾ സ്പിൽ ഓവറും 118 എണ്ണം പുതിയ പ്രവൃത്തികളുമായിരുന്നു. ഏറ്റെടുത്ത പ്രവൃത്തികളിൽ 104 എണ്ണം പൂർത്തീകരിച്ചുവെങ്കിലും 82 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 27.03.18-നശേഷം സമർപ്പിച്ച 22 ബില്ലുകൾ ട്രഷറിയിൽ ക്യൂവിൽ ആയി. 73 പ്രവൃത്തികൾ തൻവർഷം നടപ്പിലായില്ല. ഏറ്റെടുത്ത പ്രവൃത്തികളിൽ 60 ശതമാനത്തിൽ താഴെ പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളത്. മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയിൽ 67% ഫണ്ടും ചെലവഴിക്കാതെ ലാപ്സായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടുകളുടെ എണ്ണം | | | വകയിരുത്തിയ വികസന ഫണ്ട്/ ധനകാര്യ കമ്മീഷൻ ഗ്രാന്റ്/ മെയിന്റനൻസ് ഗ്രാന്റ് | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് ചെലവ് | നടപ്പാക്കാത്ത പ്രവൃത്തികളുടെ എണ്ണം | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| സ്പിൽ ഓവർ | പുതിയത് | ആകെ | | | | | |
| 59 | 118 | 177 | 81214776 | 104 | 27080889 | 73 | 26435870 |

ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് ലഭ്യമായ ഗ്രാന്റ് തുക 2.64 കോടി രൂപ 2018-19 സാമ്പത്തിക വർഷം ലാപ്സായി. പ്രസ്തുത തുക തിരികെ ലഭിക്കുന്നതുമല്ല.

ആവിഷ്കരിച്ച 177 പ്രവർത്തികളിൽ 104 എണ്ണം മാത്രമാണ് നടപ്പിലായത്. ഓഡിറ്റ് വർഷം പുതുതായി ആവിഷ്കരിച്ച 118 പ്രോജക്ടുകളിൽ 37 എണ്ണം മാത്രമാണ് നടപ്പിലാക്കി തുക ചെലവഴിച്ചത്. 81എണ്ണം സ്പിൽ ഓവറായി. ഇത്രയധികം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഒരു അസി.എഞ്ചിനീയറും, രണ്ട് ഓവർസീയർമാരും മാത്രമാണ് ഉണ്ടായിരുന്നത്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഫയൽ വർക്ക് ചെയ്യുന്നതിന് ക്ലാർക്കിന്റെ സേവനം ലഭ്യമായിരുന്നില്ല. മരാമത്ത് പ്രവൃത്തികൾക്കു പുറമേ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ഭാഗമായി വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ നൽകുക, കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കുള്ള അപേക്ഷകൾ തീർപ്പാക്കുക തുടങ്ങിയ ജോലികളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ചുമതലകളാണ്. പ്രോജക്ടുകളുടെ ബാഹുല്യം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും നിർവ്വഹണ മേൽനോട്ടവും ദുഷ്കരമാക്കുന്നു.

പശ്ചാത്തല മേഖലയിൽ, പ്രത്യേകിച്ചും റോഡ് പുനരുദ്ധാരണത്തിന് ആവിഷ്കരിച്ച ഭൂരിപക്ഷം പ്രോജക്ടുകളുടെയും അടങ്കൽ 5 ലക്ഷം രൂപയിൽ കുറവായിരുന്നു. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് കുറഞ്ഞ അടങ്കൽ തുകയുള്ള മരാമത്ത് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതുമൂലം ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായി നിർവ്വഹിക്കാൻ കഴിയാതെ സ്പിൽ ഓവറാവുന്ന സ്ഥിതിവിശേഷമാണ് കാണാൻ കഴിഞ്ഞത്. ചെറിയ അടങ്കലുള്ള മരാമത്ത് പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ച് കൂടുതൽ ജനങ്ങൾക്കും, കൂടുതൽ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന സമഗ്ര പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

# 3-2 തെരുവ് വിളക്കുകൾ സ്ഥാപിക്കലും, അറ്റകുറ്റപ്പണികളും - ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങൽ നടത്തി - പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി LED തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വേണ്ടി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 2283252 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് (പ്രോ.നം.185/19). പദ്ധതിയുടെ ഭാഗമായ ടെണ്ടർ നടപടികൾ ഒഴിവാക്കി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിൽനിന്നും (SILK) 2350 രൂപ നിരക്കിൽ 24W LED ലൈറ്റുകൾ 850 എണ്ണം വാങ്ങിയ ഇനത്തിൽ 1997500 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ.(എം.എസ്.)നം.13/215/ഐ.റ്റി.ഡി., തീ. 12.05.15 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രോക്യൂർമെന്റ് നിർബന്ധമാക്കിയിട്ടുണ്ട്. പൊതു സമാഹരണ നടപടികൾ സുതാര്യവും അഴിമതി രഹിതവും കാര്യക്ഷമമവുമാക്കുന്നതിനാണ് സർക്കാർ ഇ-പ്രോക്യൂർമെന്റ് നിർബന്ധമാക്കിയിട്ടുള്ളത്. എന്നാൽ 22.83 ലക്ഷം രൂപ അടങ്കലുള്ള ഈ പ്രവൃത്തിയുടെ കാര്യത്തിൽ ഇ-ടെണ്ടർ ക്ഷണിച്ച് വാങ്ങൽ നടത്താതെ ഒരു പൊതു മേഖലാ സ്ഥാപനത്തിൽനിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങൽ നടത്തുകയാണുണ്ടായത്. ഈ സ്ഥാപനത്തെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്ന് കാണിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ആയതിന് ആധാരമായി ഫയലിൽ ലഭ്യമാക്കിയ ഉത്തരവിൽ (G.O.(P) No.95/2017/Fin, dtd. 05.07.17) ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് താല്ക്കാലികമായാണ് അക്രഡിറ്റേഷൻ നൽകുന്നതെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നു. ഈ ഉത്തരവിൽ ഒരിടത്തും ഈ സ്ഥാപനത്തിൽനിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി സാധനങ്ങൾ വാങ്ങാവുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടില്ല. മാത്രവുമല്ല സപ്ലൈ ചെയ്ത LED ലൈറ്റുകൾ SILK ഉല്പാദിപ്പിച്ചവയായിരുന്നില്ല. KELL എന്ന ഒരു സ്വകാര്യ കമ്പനി ഉല്പാദിപ്പിക്കുന്ന ലൈറ്റുകളാണ് SILK ഇടനില നിന്ന് വാങ്ങി പഞ്ചായത്തിന് സപ്ലൈ ചെയ്തിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ സ്വയം നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് (സ.ഉ.(സാധാ.)നം.3299/2016/തസ്വഭവ., തീ. 02.12.16). സ്വന്തമായി സാധന സാമഗ്രികൾ നിർമ്മിക്കാതെ സർക്കാർ/അർദ്ധ സർക്കാർ/ഗവ.അംഗീകൃത സ്ഥാപനങ്ങളടക്കം സ്വകാര്യ സംരംഭകരിൽനിന്നും വാങ്ങി നൽകുന്ന ഇടനിലക്കാരായി പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഇപ്രകാരം ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് സുതാര്യമായി വാങ്ങൽ നടത്താതെ അക്രഡിറ്റഡ് ഏജൻസി മുഖാന്തരം വാങ്ങൽ നടത്തിയത് ക്രമവിരുദ്ധമായ നടപടിയാണ്.

പ്രഥമദൃഷ്ട്യാ വളരെ ഉയർന്ന വില നൽകിയാണ് വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. 2017-18 വർഷം ആവിഷ്കരിച്ച ഈ പദ്ധതിയ്ക്ക് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ആകെ 7 ടെണ്ടറുകളാണ് ലഭിച്ചിരുന്നത്. ഇതിൽ ഹന്ന ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ക്വോട്ട് ചെയ്ത ഏറ്റവും കുറഞ്ഞ നിരക്കിലുള്ള (₹1220) ടെണ്ടറായിരുന്ന കമ്മിറ്റി അംഗീകരിച്ചത്. SILK സപ്ലൈ ചെയ്ത ലൈറ്റുകളുടെ ഉല്പാദകരായ കല്ലർ ഇലക്ട്രോണിക്സ് & ലൈറ്റിംഗ് പ്രൈ.ലി. (KELL) എന്ന സ്ഥാപനവും ടെണ്ടറിൽ പങ്കെടുത്തിരുന്നു. ഇവർ 1629 രൂപയായിരുന്ന ക്വോട്ട് ചെയ്തിരുന്നത്. കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച ഹന്ന ഇലക്ട്രിക്കൽസിന്റെ ടെണ്ടർ 19.03.18-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരുന്നു. തുടർന്ന് സ്ഥാപനം ഹാജരാക്കിയ കരാർ അപൂർണ്ണമായതനാൽ സെക്രട്ടറി കരാർ ഒപ്പിട്ടില്ലെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അധികൃതർ അറിയിച്ചത്. തുടർന്ന് മാർച്ച് 31-ന് പ്രോജക്ട് കാലാവധി അവസാനിച്ചു. 2018-19 വർഷം ടി പ്രോജക്ട് സ്പിൽഓവറായി ഉൾപ്പെടുത്തി 07.04.2018-ന് ഭരണസമിതി തീരുമാനം എടുത്തെങ്കിലും ഹന്നാ ഇലക്ട്രിക്കൽസ് കരാർ വയ്ക്കുന്ന നടപടി പൂർത്തീകരിക്കാത്തതുകാരണം പുതിയ സാമ്പത്തിക വർഷം സപ്ലൈ ഓർഡർ നൽകുന്നതിന് കഴിഞ്ഞില്ലെന്നാണ് അധികൃതർ പറയുന്നത്. എന്നാൽ കരാറിന്റെ ന്യൂനതയെന്താണെന്നോ, ആയത് പരിഹരിച്ച് കരാർവയ്ക്കുന്നതിന് സ്ഥാപനത്തിന് സെക്രട്ടറി രേഖാമൂലം നിർദ്ദേശം നൽകിയതായോ ഫയലിൽ രേഖയില്ല. ടെണ്ടർ നടപടികൾ പാതിവഴിയിൽ ഉപേക്ഷിച്ച് SILK മുഖാന്തിരം നേരിട്ട് വാങ്ങൽ നടത്തുന്നതിലേക്ക് കാര്യങ്ങളെകൊണ്ടെത്തിച്ചതിനു പിന്നിലുള്ള സംഗതികൾ വിശദമായ അന്വേഷണത്തിലൂടെ മാത്രമേ വെളിവാകൂ. ആദ്യ ടെണ്ടർ റദ്ദ് ചെയ്തത് നിയമാനുസൃതമായും, പഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് സംരക്ഷിച്ചുകൊണ്ടുമാണെന്ന് ഓഡിറ്റിന് അഭിപ്രായമില്ല. കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച സ്ഥാപനവുമായി കരാറിലേർപ്പെടുകയോ, അവർ കരാർ വയ്ക്കുന്നതിന് സന്നദ്ധമാകാത്ത സംഗതിയിൽ നോട്ടീസ് നൽകിയതിനുശേഷം ഇ.എം.ഡി. കണ്ടുകെട്ടി രണ്ടാമത്തെ കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച സ്ഥാപനത്തിന് കരാർ നൽകുകയോ ആയിരുന്നു വേണ്ടത്. ടെണ്ടർ നടപടികളിലെ സാമാന്യ തത്വങ്ങൾപോലും പാലിക്കാതെ ടെണ്ടർ പാതിവഴിയിൽ റദ്ദ് ചെയ്ത് യൂണിറ്റിന് 1130 രൂപ അധിക വില നൽകി SILK മുഖാന്തിരം നേരിട്ട് വാങ്ങിയത് അസാധാരണ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ആദ്യ ടെണ്ടർ നടത്തിയ സെക്രട്ടറിയുടെ ഭാഗത്ത് അക്ഷന്തവ്യമായ കൃത്യവിലോപം ഉണ്ടായിട്ടുണ്ട്. ഇത് അന്വേഷണ വിധേയമാക്കണം.

2017-18-ൽ പഞ്ചായത്ത് ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച നിരക്കിനേക്കാൾ 1130 രൂപ അധികം വില നൽകി വാങ്ങൽ നടത്തിയതിലൂടെ പഞ്ചായത്തിന് കുറഞ്ഞത് 9.6 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി. കരാറിലേർപ്പെടുന്നതിനു മുമ്പ് വിലയുടെ യുക്തി ഭദ്രത (reasonableness) ഉറപ്പുവരുത്തണമെന്നും, അതിനായി തത്തുല്യമായ സാധനത്തിന്റെ കമ്പോള വില പരിഗണിക്കണമെന്നുമുള്ള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥ ഈ പദ്ധതിയുടെ കാര്യത്തിൽ പാലിച്ചിട്ടില്ലെന്നുള്ളത് എടുത്തു പറയേണ്ട സംഗതിയാണ്.

കരാർവയ്ക്കുന്ന കാര്യത്തിൽ ഹന്ന ഇലക്ട്രിക്കൽസാണ് വീഴ്ചവരുത്തിയതെങ്കിൽ അവരുടെ ഇ.എം.ഡി. കണ്ട് കെട്ടേണ്ടതായിരുന്നു. എന്നാൽ സ്ഥാപനത്തിൽനിന്നും ഇ.എം.ഡി. ഇനത്തിൽ ഈടാക്കിയിരുന്ന 58000 രൂപ 12.01.2019-ൽ പഞ്ചായത്ത് തിരികെ നൽകുകയാണുണ്ടായത്. കരാർ വയ്ക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനത്തിന് ഇ.എം.ഡി. തുക തിരികെ നൽകിയത് അംഗീകരിക്കാനാവില്ല. ആയത് ഉത്തരവാദികളായവരിൽനിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഗുണനിലവാരം ഉറപ്പുവരുത്താതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സാമ്പിൾ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജിൽ ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട് KELL ഹാജരാക്കിയിട്ടുണ്ടെങ്കിലും ടെസ്റ്റ് റിസൾട്ട് അഭിലഷണീയമായ നിലവാരത്തിലുള്ളതാണെന്ന് ടെസ്റ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. ISI/BIS/BEE നിലവാരത്തിലുള്ള ലൈറ്റുകളല്ല സപ്ലൈ ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് വാർഡുകളിൽ സ്ഥാപിച്ച LED ലൈറ്റുകൾ പകുതിയിലധികവും തകരാറിലായതായും ലൈറ്റുകൾ വാങ്ങിയത് അമിത വില നൽകിയാണെന്നും കാണിച്ച് ശ്രീ സുധാകരൻ, നല്ലമണ്ണിൽ, തുവയൂർ വടക്ക് എന്ന വ്യക്തിയുടെ പേരിലുള്ള ഒരു പരാതി ലഭിച്ചിട്ടുള്ളതായി ഫയലിൽ കാണുന്നു. പരാതി വിജിലൻസിന്റെ പരിഗണനയിലാണെന്ന് അറിയുന്നു. ISI/BIS/BEE നിലവാരത്തിലുള്ള ലൈറ്റുകൾ വാങ്ങുന്നതിന് പകരം ഗുണനിലവാരമില്ലാത്ത ലൈറ്റുകളാണ് വാങ്ങിയിട്ടുള്ളതെന്നാണ് ഓഡിറ്റ് നടത്തിയ പരിശോധനയിലും വ്യക്തമായിട്ടുള്ളത്.

ഈ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ഭരണവകുപ്പ് തലത്തിൽ വിശദമായ അന്വേഷണത്തിനും, തുടർ നടപടികൾക്കുമായി ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-3 അടാട്ട് മാതൃകയിലുള്ള തെരുവ് വിളക്ക് അറ്റകുറ്റപ്പണി - നിർവ്വഹണത്തിൽ അപാകത

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ടി പ്രോജക്ടിന്റെ ഭാഗമായി അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് രണ്ട് ഇലക്ട്രീഷൻമാരെ കരാർ ഏൽപ്പിച്ചിരുന്നു. പോൾ ഒന്നിന് 100 രൂപ നിരക്കിൽ പ്രവൃത്തി നടത്തുന്നതിനാണ് കരാർ നൽകിയിരുന്നത്. പ്രവൃത്തി നടത്തിയതിന് കരാറുകാർക്ക് ചുവടെ ചേർക്കും പ്രകാരം 253460 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്.

| കരാറുകാന്റെ പേര് | നൽകിയ പ്രതിഫലം | ബിൽ നം., തീ. |
|---|---|---|
| ശ്രീ പ്രസാദ് ആർ., മന്ദിരത്തിൽ പുത്തൻ വീട്, മൈലം | 75100 | 17/20.12.18 |
| | 62900 | 22/11.03.19 |
| ശ്രീ ഗോപാലകൃഷ്ണപിള്ള, ഗോവർദ്ധനം, ചൂരക്കോട് | 115460 | 22/11.03.19 |
| ആകെ | 253460 | |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

അടാട്ട് മാതൃകയിൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ (ജി.2/44274/2015, തീ.17.08.15) നിബന്ധനകൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടുത്തി തയ്യാറാക്കി സൂക്ഷിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. പദ്ധതി നടത്തിപ്പിനായി വാർഡ് തലത്തിൽ മോണിട്ടറിംഗ് സമിതി രൂപീകരിക്കണമെന്ന സർക്കുലറിലെ നിർദ്ദേശം പാലിച്ചിട്ടില്ല. ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം കേടായ ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചത് തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ എന്ന രജിസ്റ്ററിൽ ചേർക്കുകയോ, ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീക്കൺസീൽ ചെയ്യുകയോ ചെയ്തിട്ടില്ല. തെരുവ് വിളക്കിന്റെ മെയിന്റനൻസിന് സർക്കുലറിൽ നിർദ്ദശിച്ച മാതൃകയിൽ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തിക്ക് നിയോഗിച്ച ഇലക്ട്രീഷ്യൻമാർ അപകട ഇൻഷ്വറൻസ് എടുത്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തിയിട്ടില്ല.

തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും, നിർദ്ദിഷ്ട മാതൃകയിൽ മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാലും കരാറുകാർ അറ്റകുറ്റപ്പണി നടത്തിയതായി പറയുന്ന തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ കൃത്യത ബോദ്ധ്യപ്പെടാനായിട്ടില്ല. കരാറുകാരിൽനിന്നും പ്രതിഫല തുകയുള്ള വൗച്ചറുകളും, കൈപ്പറ്റ് രസീതും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായും കണ്ടില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും, പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ ലിസ്റ്റും ഒഴികെ മറ്റ് രേഖകൾ ഒന്നും തന്നെ ചെലവിനാധാരമായി ഹാജരാക്കിയിട്ടില്ല. ഇത് ക്രമപ്രകാരമല്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ന്യൂനതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 3-4 സൂചിക സോഫ്റ്റ് വെയർ നടപ്പാക്കുന്നതിന് അമിത വില നൽകി സ്കാനർ വാങ്ങി

പഞ്ചായത്തിൽ സൂചിക സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറും, സ്കാനറും വാങ്ങുന്നതിന് 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.277/19 പ്രകാരം തനത് ഫണ്ടിൽനിന്നും 2 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഭാഗമായി ചുവടെ ചേർക്കും പ്രകാരം ഒരു കമ്പ്യൂട്ടറും, സ്കാനറും വാങ്ങുന്നതിന് 140568 രൂപ ചെലവഴിച്ചു.

| ക്രമ നം. | ഇനം | വില | സാധനം സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | കമ്പ്യൂട്ടർ (Lenavo M710 Tower Desktop | 45800 | Data Linker, Jaipur, Rajasthan (GeM മുഖാന്തിരമുള്ള വാങ്ങൽ) |
| 2 | സ്കാനർ (EPSON Scanner Workforce DS-860) | 94768 | Digitaloid, Enathu, Pathanamthitta |
| | ആകെ | 140568 | |

ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രക്യൂർമെന്റ് മാന്വൽ പ്രകാരം (സ.ഉ.(കൈ.)259/2010/തസ്വഭവ., തീ.08.11.2010) 25000 രൂപ മുതൽ 1 ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറിംഗും, 1 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറിംഗുമാണ് അവലംബിക്കേണ്ടത്. ലിമിറ്റഡ് ടെണ്ടറിംഗിന്റെ കാര്യത്തിൽ നിശ്ചിത സാധനം/ സേവനം ലഭ്യമാക്കുന്ന ഏജൻസികളുടെ പട്ടിക തദ്ദേശ സ്ഥാപനം തയ്യാറാക്കേണ്ടതും, ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിനുള്ള അഭ്യർത്ഥന മേൽപറഞ്ഞവർക്ക് അയച്ചുകൊടുക്കേണ്ടതും, ക്വട്ടേഷനുകൾ ലഭ്യമാക്കുന്നതിനു കുറഞ്ഞത് 14 ദിവസം ലഭ്യമാക്കേണ്ടതുമാണ്. ഒരു ലക്ഷം രൂപയിൽ മുകളിൽവരുന്ന വാങ്ങലുകൾ മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ചുവേണം നടത്താൻ. ടെണ്ടറുകൾ സമർപ്പിക്കുന്നതിനുള്ള വിജ്ഞാപനം പ്രചുര പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും, മലയാള പത്രത്തിലും പരസ്യപ്പെടുത്തണം. ടെണ്ടർ സമർപ്പിക്കുന്നതിന് കുറഞ്ഞത് 21 ദിവസം സമയം അനുവദിക്കണം.

മേൽപറഞ്ഞ നിബന്ധനകൾ പാലിച്ചില്ലെന്നുമാത്രമല്ല 2 ലക്ഷം രൂപ അടങ്കലുള്ള ഈ പ്രോജക്ടിന്റെ ഭാഗമായി ടെണ്ടർ നടപടി ക്രമങ്ങൾ ഒഴിവാക്കുന്നതിനായി വിഭജിച്ച് വാങ്ങൽ നടത്തുകയാണ് ഉണ്ടായിട്ടുള്ളത്. ഒരുമിച്ച് ടെണ്ടർ ചെയ്ത് വാങ്ങൽ നടത്താതെ കമ്പ്യൂട്ടർ GeM മുഖാന്തിരം നേരിട്ടും, അനുബന്ധ ഉപകരണമായ സ്കാനർ ക്വട്ടേഷൻ ക്ഷണിച്ചുമാണ് വാങ്ങിയിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസിന് വ്യാപകമായ പ്രചരണം നൽകിയിട്ടില്ല. പഞ്ചായത്തിന്റെയും, സമീപത്തുതന്നെയുള്ള കൃഷിഭവൻ, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലെയും നോട്ടീസ് ബോർഡുകളിൽമാത്രമാണ് ക്വട്ടേഷൻ നോട്ടീസ് പരസ്യപ്പെടുത്തിയത്. പ്രക്യൂർമെന്റ് മാന്വൽ പ്രകാരം കുറഞ്ഞത് 5, എന്നാൽ 8-10 ഏജൻസികളിൽനിന്നെങ്കിലും പ്രതികരണം ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ബാദ്ധ്യതയുണ്ട്. എന്നാൽ സ്കാനർ വാങ്ങുന്നതിന് 3 സ്ഥാപനങ്ങളിൽനിന്നുമാത്രമാണ് ക്വട്ടേഷൻ ലഭ്യമാക്കിയിട്ടുള്ളത് (DOCKRR TECHNOLOGIES, Adoor (₹97270), Digitaloid, Enathu (₹94768), Lightek, Pattazhy North (₹96780). കമ്പോള വിലയേക്കാൾ ഇരട്ടി വില ക്വോട്ട് ചെയ്ത ക്വട്ടേഷനുകളാണ് ടി സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ളത്. വിലയുടെ യുക്തിഭദ്രത (Reasonableness) ഉറപ്പുവരുത്താതെ ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Digitaloid എന്ന സ്ഥാപനത്തിൽനിന്നും മുദ്രപത്രത്തിൽ കരാർപോലും ചമയ്ക്കാതെ വാങ്ങൽ നടത്തുകയാണ് ഉണ്ടായത്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം (ഖ.9.48) വാങ്ങൽ നടത്തുന്നതിനുമുമ്പ് ഏറ്റവും കുറഞ്ഞ നിരക്ക് ന്യായമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ബാദ്ധ്യത നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കുണ്ട്. ഏറ്റവും കുറഞ്ഞ നിരക്ക് ന്യായമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട സപ്ലൈറുമായി നെഗോഷ്യേറ്റ് ചെയ്ത് ന്യായവിലയ്ക്ക് കുറച്ച് വാങ്ങുകയോ അല്ലാത്ത പക്ഷം പുനർദർഘാസ് ക്ഷണിക്കുകയോ വേണം. എന്നാൽ വിലയുടെ യുക്തി ഭദ്രത ഉറപ്പുവരുത്താതെയാണ്

വാങ്ങൽ നടത്തിയിട്ടുള്ളതെന്നാണ് ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായിരിക്കുന്നത്. നിലവിൽ 48500 രൂപ മാത്രം MRP-യുള്ള സ്കാനറാണ് 94768 രൂപ വില നൽകി പഞ്ചായത്ത് വാങ്ങിയിട്ടുള്ളത് (അംഗീകൃത ഡീലർമാർ 45000 രൂപയിൽ താഴ്ന്ന വിലയിലാണ് ഇവ വിൽക്കുന്നത് എന്ന് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്). ഈ സാഹചര്യത്തിൽ ഈ ഇടപാടിൽ കുറഞ്ഞത് 50000 രൂപ പഞ്ചായത്തിന് നഷ്ടമായതായി വിലയിരുത്തുന്നു.



94768 രൂപ ചെലവഴിച്ച വാങ്ങിയ സ്കാനർ

കൂടാതെ, സൂചിക സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുവേണ്ടി വാങ്ങിയ സ്കാനർ നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. പൊതുപണം ചെലവഴിച്ച് വാങ്ങിയ സ്കാനർ ഉപയോഗപ്പെടുത്താതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.

മേൽപറഞ്ഞ അപാകതകൾ മുൻനിർത്തി സ്കാനർ വാങ്ങുന്നതിന് ചെലവഴിച്ച 94768 രൂപ തടസ്സപ്പെടുത്തുന്നു. ക്രമവിരുദ്ധമായി വാങ്ങൽ നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയത് സംബന്ധിച്ച് വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി നഷ്ടം നിജപ്പെടുത്തി ഉത്തരവാദിയായവരിൽനിന്നും ഈടാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-5 തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തി പാഴ്ചെലവ് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി വേണം

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് എർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി. നിശ്ചയിച്ചിട്ടുള്ള ഫിക്സഡ് താരിഫിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുത ചാർജ്ജ് ഒടുക്കുന്നത്. നിലവിൽ പ്രതിമാസം 163327 രൂപയാണ് തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ യഥാർത്ഥത്തിൽ നിലവിലുള്ള തെരുവ് വിളക്കുകൾക്കുതന്നെയാണോ പഞ്ചായത്ത് ചാർജ്ജ് ഒടുക്കുന്നതെന്ന് ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെടാനായിട്ടില്ല.

തെരുവ് വിളക്കുകൾ പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് 21.01.2006-ലെ 9541/ഡി.പി.1/05/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. 2011 ജനുവരിമാസത്തിനകം മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം മീറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവിന്റെ 50 ശതമാനം വൈദ്യുതി ബോർഡ് വഹിക്കുന്നതിനും ബോർഡ് സർക്കാരുമായി ധാരണയിലെത്തിയിരുന്നു. എന്നാൽ മീറ്റിംഗ് സമ്പ്രദായത്തിലേക്ക് മാറുന്നതിന് ഗ്രാമപഞ്ചായത്ത് കാലവിളംബം വരുത്തി. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് 10 വർഷങ്ങൾക്ക് ശേഷം 2017-18 സാമ്പത്തിക വർഷമാണ് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിച്ച് 848000 രൂപ കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. മീറ്ററിംഗിലേക്ക് മാറുന്നതിനുള്ള ചെലവിന്റെ 50 ശതമാനം ലാഭിക്കാനുള്ള അവസരം ഗ്രാമപഞ്ചായത്ത് പാഴാക്കി. എന്ന് മാത്രമല്ല, കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്താതെ മുൻകൂർ നൽകുകയും സമയബന്ധിതമായി മോണിട്ടറിംഗ്

നടത്തി പ്രവൃത്തി നടപ്പിലാക്കാത്തതു മൂലവും മീറ്ററിംഗ് സമ്പ്രദായം ഓഡിറ്റ് കാലയളവിലും നിലവിൽ വന്നിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഫണ്ടിന് വലിയ ബാദ്ധ്യത സൃഷ്ടിക്കുന്ന ഒരു ആവർത്തന ചെലവ് എന്ന നിലയിൽ പ്രകാശിക്കുന്ന തെരുവ് വിളക്കുകൾക്കുമാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും, വൈദ്യുതി ചാർജ്ജ് ന്യായയുക്തമാണെന്നും ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ചെലവ് നടത്തുന്ന ഉദ്യോഗസ്ഥനുണ്ട്. ആയതിനാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-6 നിലവിലില്ലാത്ത തെരുവ് വിളക്കുകൾക്ക് കറണ്ട് ചാർജ്ജ് നൽകുന്നു - പ്രതിവർഷ നഷ്ടം 6.08 ലക്ഷം രൂപ

നിവിലില്ലാത്ത 895 ഓർഡിനറി ബൾബുകൾക്ക് പഞ്ചായത്ത് വർഷങ്ങളായി കറണ്ട് ചാർജ്ജ് ഒടുക്കുന്നു. ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ്ജ് ഒടുക്കുന്ന അട്ടൂർ ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കിയ കണക്ക് പ്രകാരം താഴെ പറയുന്ന എണ്ണം തെരുവ് വിളക്കുകൾക്കാണ് കറണ്ട് ചാർജ്ജ് അടച്ചുവരുന്നത്.

| ഇനം | എണ്ണം | പ്രതിമാസ നിരക്ക് | തുക |
|---|---|---|---|
| സാധാരണ ബൾബ് 40W | 859 | 66 | 56694 |
| ഫ്ലൂറസെന്റ് ട്യൂബ് 40W | 445 | 66 | 29370 |
| ഫ്ലൂറസെന്റ് ട്യൂബ് 80W | 120 | 134 | 16080 |
| സി.എഫ്.എൽ. 2x11W | 1737 | 32 | 55584 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം 859 ഓർഡിനറി ബൾബുകൾക്കാണ് ഗ്രാമപഞ്ചായത്ത് താരിഫ് ഒടുക്കിവരുന്നത്. എന്നാൽ കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഇവയുടെ അറ്റകുറ്റപ്പണികൾക്കായോ, സ്പെയർ പാർട്ട്സുകൾ വാങ്ങുന്നതിനോ പുതിയത് വാങ്ങുന്നതിനോ ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചിട്ടില്ല. ഇതിൽനിന്നും നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്കാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതിചാർജ്ജ് നൽകുന്നതെന്ന് വ്യക്തമാണ്. വർഷങ്ങളായി നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് പ്രതിമാസം 56694 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത് കറണ്ട് ചാർജ്ജ് അടവാക്കുന്നതുമൂലം പ്രതിവർഷം 680328 രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടാകുന്നുണ്ട്. പാഴ്ച്ചെലവ് ഒഴിവാക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-7 പൊതു ടാപ്പുകളുടെ വെള്ളക്കരം; പാഴ്ചെലവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ 352 ടാപ്പുകൾക്ക് പ്രതിമാസം 154000 രൂപ നിരക്കിലായിരുന്നു വെള്ളക്കരം ഒടുക്കിയിരുന്നത്. ഓഡിറ്റ് വർഷം ആകെ 18.48 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിച്ചു. വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വൻതുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു

പ്രദേശത്തെ മുഴവൻ വീട്ടുകൾക്കും (സബ്സിഡിക്ക് അർഹതിയില്ലാത്തവരിൽനിന്ന് മുഴവൻ തുകയും ഈടാക്കി) ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ് (സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ., തീ. 16.11.2013 – പേജ് 42, ഖ.2). സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ക്രിയാത്മക നടപടികൾ ഉണ്ടാകേണ്ടതാണ്.

സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 ബാലസഭ- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചത് 6ലക്ഷം രൂപ

ചെലവ് - ₹600000
ട്രഷറി ബിൽ നം., തീ. - 161101218/10.12.18

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം ബാലസഭാ പ്രവർത്തനങ്ങൾക്കായി വികസന ഫണ്ടിൽ നിന്നും 6 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും(5/19) തുക ഗ്രാമപഞ്ചായത്ത് സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്തിരുന്നു. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീ.14/2/18) ഖണ്ഡിക 7.6.17 പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000 രൂപയും പഞ്ചായത്ത് തല പ്രവർത്തനത്തിന് 40000 രൂപയിൽ അധികരിക്കാതെയും ചെലവഴിക്കാവുന്നതാണ്. ഇതനുസരിച്ച് 17 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിന് പരമാവധി ചെലവഴിക്കാവുന്നത് 57000 രൂപയാണ്. എന്നാൽ മാർഗ്ഗരേഖയിലെ നിബന്ധന പാലിക്കാതെ 6 ലക്ഷം രൂപ പഞ്ചായത്ത് തലത്തിൽ ചെലവഴിച്ചിട്ടുണ്ട്. 543000 രൂപ വികസന ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചിരിക്കുകയാണ്.

പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ നിർവ്വഹണത്തിൽ ഗുരുതര വീഴ്ചകളുണ്ടായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. തിരുവനന്തപുരം മൃഗശാല, കന്യാകുമാരി, ജഡായുപ്പാറ എന്നീ സ്ഥലങ്ങളിലേയ്ക്ക് വിനോദയാത്ര നടത്തിയതിനു 420000 രൂപയും നോട്ട് ബുക്ക് വാങ്ങിയതിന് 136800 രൂപയും സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി നൽകുന്നതിന് 61200 രൂപയും ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിനോദയാത്ര നടത്തുന്നതിനും നോട്ട് ബുക്കുകൾ വാങ്ങുന്നതിനും വികസന ഫണ്ട് ഉപയോഗിക്കുവാൻ പാടില്ല. മാത്രമല്ല 2018-19 വർഷത്തെ ബാലസഭ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലകളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ വാർഷിക കലണ്ടർ കുടുംബശ്രീ സംസ്ഥാന മിഷന്റെ 28/3/2018-ലെ 3266/കെ/2018/ കെ.എസ്.എച്ച്.ഒ നമ്പർ സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രതിദിന പ്രതിരോധം-ജാഗ്രതോത്സവം, ആർട്ട്സ്/സ്പോർട്ട്സ് ക്യാംപ് സംഘടിപ്പിക്കൽ, ബാലപാർലമെന്റ്, ബാലകൃഷി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പരിശീലനം നൽകൽ, മൃഗ സംരക്ഷണ പദ്ധതി നടപ്പാക്കൽ, ബാല ലൈബ്രറിക്കുള്ള സ്ഥലം കണ്ടെത്തൽ, ലൈബ്രറി രൂപീകരണം, ലൈഫ് സ്കിൽ ഡവലപ്പ്മെന്റ് പരിശീലനം എന്നീ പ്രവർത്തനങ്ങൾ നടത്താനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ കുടുംബശ്രീയുടെ പ്രവർത്തന കലണ്ടറിൽ നിർദ്ദേശിക്കാത്ത കാര്യങ്ങൾക്കായാണ് വികസന ഫണ്ട് ചെലവഴിച്ചിരിക്കുന്നത്. 8/3/19-ലെ ജനറൽ കമ്മിറ്റിയുടെ 1/17നമ്പർ തീരുമാനം പ്രകാരം പഠനയാത്ര, പഠനോപകരണ വിതരണം എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് സി.ഡി.എസിനേയും അസിസ്റ്റന്റ് സെക്രട്ടറിയേയും ചുമതലപ്പെടുത്തിയിരുന്നു. 2018-19 വർഷം ബാലസഭയിൽ അംഗത്വമുള്ള 360 കുട്ടികൾ ആണ് ഉണ്ടായിരുന്നത്. 135 കുട്ടികളെയാണ് വിനോദയാത്രയ്ക്കായി തെരഞ്ഞെടുത്തിരുന്നത്. 135 കുട്ടികളും ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സി.ഡി.എസ്.അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പടെ 181പേർ യാത്രയിൽ പങ്കെടുത്തു എന്ന് യാത്ര ചെയ്ത വാഹനങ്ങൾക്ക് സ്പെഷ്യൽ പെർമിറ്റ് അനുവദിച്ച രേഖകളിൽ നിന്നും വ്യക്തമായി. ബാലസഭാ

പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചുവെന്ന് വ്യക്തമാണ്. ചെലവ് രേഖകൾ പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവിനം | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|
| ബസ് വാടക - ബസ് ഒന്നിന് 28500 രൂപ ക്രമത്തിൽ 50 വീതം സീറ്റിംഗ് കപ്പാസിറ്റിയുള്ള 5 എ.സി.ടൂറിസ്റ്റ് ബസ് (ക്വട്ടേഷൻ പ്രകാരം) | 142500 മല്ലശ്ശേരിൽ ട്രാവൽസ്, അടൂർ | 135 കുട്ടികളും 46 മുതിർന്നവരും ഉൾപ്പടെ 181 പേർ യാത്രയിൽ പങ്കെടുത്തു. 50 വീതം സീറ്റിംഗ് കപ്പാസിറ്റിയുള്ള 5 എ.സി. ടൂറിസ്റ്റ് ബസുകൾ ആണ് ബുക്ക് ചെയ്തത്. പങ്കെടുക്കുന്നവരുടെ എണ്ണത്തിനനുസരിച്ചല്ല ബസുകൾ ബുക്ക് ചെയ്തത്. ഇത് മൂലം 28500 രൂപയുടെ അധികച്ചെലവുണ്ടായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ബുക്കിംഗ് ക്യാൻസൽ ചെയ്താലും എഗ്രിമെന്റ് പ്രകാരമുള്ള തുക നൽകേണ്ടി വരുന്നതിനാലാണ് കുട്ടികൾ കുറവായിട്ടും ഒഴിവാക്കാതിരുന്നത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ ബസ് ഉടമ ഹാജരാക്കിയ എഗ്രിമെന്റ് പ്രകാരം ബുക്കിംഗ് ക്യാൻസൽ ചെയ്താൽ എഗ്രിമെന്റ് പ്രകാരമുള്ള തുകയുടെ പകുതി നൽകണമെന്നാണ് വ്യവസ്ഥ. |
| ഭക്ഷണം - യാത്രയിൽ ഭക്ഷണം, കുടിവെള്ളം എന്നിവ നൽകുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ജോയ്സ് കാറ്ററിംഗ് എന്ന സ്ഥാപനത്തെ ക്വട്ടേഷൻ നടപടികളിലൂടെ തെരഞ്ഞെടുക്കുകയും ചെയ്തു. ജോയ്സ് കാറ്ററിംഗ്, ജെ.ജെ. കാറ്ററിംഗ് എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ ആണ് ഫയലിലുള്ളത്. രണ്ടു ക്വട്ടേഷനിലും സ്ഥാപനത്തിന്റെ ഫോൺ നമ്പർ രേഖപ്പെടുത്തിയത് ഒന്നു തന്നെയാണ്. ക്വട്ടേഷനുകൾ സുതാര്യമല്ലെന്ന് വ്യക്തമാണ്. | 98000 ജോയ്സ് കാറ്ററിംഗ് | 23/3/19, 24/3/19 തീയതികളിലായി നടന്ന യാത്രയ്ക്ക് ഭക്ഷണം നൽകുന്നതിന് അടൂരുള്ള കാറ്ററിംഗ് സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ സാംഗത്യം വ്യക്തമല്ല. 23/3/19-ന് മൂന്നുനേരത്തെ ഭക്ഷണവും 24/3/19-ന് ഉച്ചയ്ക്കും രാത്രിയിലേക്കുമുള്ള ഭക്ഷണവും നൽകിയതായി കാണിച്ചാണ് തുക നൽകിയിരിക്കുന്നത്. യാത്രയിൽ നിശ്ചിത സമയത്ത് നിശ്ചിത സ്ഥലത്ത് ഭക്ഷണം എത്തിച്ചു തരുന്നതാണ് സുരക്ഷിതം എന്നതിനാലാണ് ഇത്തരത്തിൽ ക്രമീകരണം ചെയ്തതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. |
| മുറി വാടക | 65400 | കന്യാകുമാരി ത്രിവേണി ടൂറിസ്റ്റ് ഹോം എന്ന സ്ഥാപനത്തിനാണ് തുക നൽകിയിരിക്കുന്നത്. 23/3/19 12 Noon മുതൽ 24/3/19 12 Noon വരെ (food with accomodation) |
| ജഡായുപ്പാറ ടിക്കറ്റ് | 83000 | എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഹാജരാക്കിയ രേഖകൾ പ്രകാരം 80712 രൂപയാണ് ടിക്കറ്റ് ചാർജ് ഇനത്തിൽ ചെലവായത്. |
| മൃഗശാല ടിക്കറ്റ് | 2500 | അനുബന്ധച്ചെലവുകൾ |
| ചെക്ക് പോസ്റ്റ് | 4000 | |
| പാർക്കിംഗ് ഫീസ് | 2500 | |
| ക്യാപ്പ് വാങ്ങിയത് | 4100 | |
| വാട്ടർ ബോട്ടിൽ (ക്വട്ടേഷൻ പ്രകാരം) | 61200 | 170 രൂപ വീതം 360 എണ്ണം മന്ദാനത്ത് എന്റർപ്രൈസ്സസ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി |
| നോട്ട്ബുക്ക് | 136800 | ഒന്നിന് 38 രൂപ ക്രമത്തിൽ 3600 നോട്ട് |

| | | |
|---|---|---|
| (ക്വട്ടേഷൻ പ്രകാരം) | | ബുക്കുകൾ ഗിൽ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ പ്രകാരം വാങ്ങി -ഒരു കുട്ടിയ്ക്ക് 10 എണ്ണം എന്ന ക്രമത്തിൽ വിതരണം ചെയ്ത സ്റ്റേററ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. |

പ്രോജക്ടിന്റെ ഭാഗമായി 198000 രൂപയുടെ വാട്ടർ ബോട്ടിൽ, നോട്ട് ബുക്കുകൾ എന്നിവ ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് ജി.ഒ(പി)259/2010/ത.സ്വ.ഭ.വ തീ.08/11/2010 ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കും. ഇതനുസരിച്ച് 1ലക്ഷത്തിലധികം മതിപ്പ് വിലയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് ഓപ്പൺ ടെണ്ടർ മുഖേനയാവണം. ഇതിനായി പത്രപ്പരസ്യം ചെയ്യുക, ടെണ്ടർ ഫോറം വിൽപ്പന നടത്തുക, ടെണ്ടർ സമർപ്പണത്തിന് പരസ്യത്തീയതി മുതൽ 21 ദിവസം സമയം അനുവദിക്കുക എന്നീ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. മാത്രമല്ല ഫിനാഷ്യൽ കോഡ് വകുപ്പ് 132(b)പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 1% ഇ.എം.ഡി(കുറഞ്ഞത് 1500 രൂപ), 5%പെർഫോമൻസ് സെക്യൂരിറ്റി എന്നിവ ഒടുക്കേണ്ടതുണ്ട്. ഈ നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിച്ചതായി കാണുന്നില്ല. ഈ വാങ്ങലുകൾ ഒന്നും തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനയിൽ വരികയോ കമ്മിറ്റി അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/26.6.19) ഡി.പി.സി അംഗീകാരം നൽകിയ പ്രോജക്ട് അനുസരിച്ചാണ് ഈ ചെലവുകൾ നടത്തിയതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. പ്രോജക്ട് സബ്സിഡി മാർഗ്ഗരേഖയ്ക്ക് അനുസൃതമായാണ് തയ്യാറാക്കിയിരിക്കുന്നതെന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെയും പ്രോജക്ടിന് അംഗീകാരം നൽകിയ ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസറുടേയും സാക്ഷ്യപത്രത്തിന്റ അടിസ്ഥാനത്തിലാണ് ഡി.പി.സി അംഗീകാരം ലഭിച്ചത് എന്നതിനാൽ തന്നെ ഈ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. 20/2/19-ലാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നും ലോകസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം വരുമെന്നതിനാലാണ് ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതെന്ന മറുപടിയും അംഗീകരിക്കുവാൻ കഴിയില്ല. 5/18-ൽ അംഗീകാരം ലഭിച്ച പ്രോജക്ട് സമയബന്ധിതമായും സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായും നടപ്പാക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

ഇത്തരത്തിൽ പൊതു പണത്തിന്റെ ദുർവ്യയം ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 6 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി പൊതുപണം ദുർവ്യയം ചെയ്തത് സംബന്ധിച്ച് വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 അക്രഡിറ്റഡ് ഏജൻസി മുഖേന കുടിവെള്ള പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0258/19 |
| അടങ്കൽ | ₹579600 (വികസന ഫണ്ട് – എസ്.സി.പി.)<br>₹320000 (തനത് ഫണ്ട്) |
| ചെലവ് | ₹423000 (വികസന ഫണ്ട്) |
| ട്രഷറി ബിൽ നം., തീ. | 211/14.01.2019 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം പട്ടികജാതി കോളനികളിൽ

കുടിവെള്ള പദ്ധതി എന്ന പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 423000 രൂപ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കിളിവയൽ കോളനിയിൽ ചെറുകിട കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ സിസ്റ്റം, പമ്പ് ഹൗസ്, പവർ കണക്ഷൻ, ഓവർ ഹെഡ് ടാങ്ക് എന്നിവ നിർമ്മിക്കുന്നതിന് സൂചിത സ്ഥാപനവുമായി എഗ്രിമെന്റ് വച്ച് തുക കൈമാറുകയാണുണ്ടായത്. എന്നാൽ കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) 2016-17 വർഷം ആരംഭിച്ച പദ്ധതി 2017-18 വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും നിർവ്വഹണ സ്ഥാപനവുമായി കരാർ വയ്ക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിരുന്നില്ല. 2018-19 വർഷം സ്പിൽ ഓവർ അംഗീകാരം ലഭിച്ചുവെങ്കിലും പഞ്ചായത്ത് കമ്മിറ്റിയുടെ 10/7/18-ലെ അജണ്ട (2) തീരുമാനം (1) പ്രകാരം ഈ പ്രോജക്ട് 2018-19 വർഷം സ്പിൽ ഓവറായി തുടരേണ്ടതില്ല എന്ന് തീരുമാനം എടുത്തതായി കാണുന്നു. എന്നാൽ 05/12/18-ലെ പ്രത്യേക യോഗത്തിൽ സാങ്കേതിക അനുമതി കിട്ടിയ പ്രോജക്ട് നടപ്പിലാക്കുന്നതിന് തുക കൈമാറുന്നതിലേക്കായി എഗ്രിമെന്റ് വയ്ക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സോഷ്യോ എക്കണോമിക് ഫൗണ്ടേഷനോട് അഭ്യർത്ഥിച്ച് തീരുമാനം എടുത്തിട്ടുണ്ട്(അജണ്ട1 തീരുമാനം 8). പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തുന്നതിനും നിർവ്വഹണ ഏജൻസിയായി സോഷ്യോ എക്കണോമിക് ഫൗണ്ടേഷനെ ചുമതലപ്പെടുത്തുന്നതിനും പിന്നീട് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.

2) ശുദ്ധജല പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി സോഷ്യോ എക്കണോമിക് ഫൗണ്ടേഷനെ തദ്ദേശ സ്വയം ഭരണ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്(24/2/16-ലെ ജി.ഒ(എം.എസ്)760/2016 ത.സ്വ.ഭ.വ). സോഷ്യോ എക്കണോമിക് ഫൗണ്ടേഷൻ തയ്യാറാക്കിയ 846000 രൂപ അടങ്കലുള്ള എസ്റ്റിമേറ്റിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഡി.ബി4/12.3.18 പ്രകാരം സാങ്കേതിക അനുമതി ലഭിച്ചിരുന്നു. ടി പ്രവൃത്തിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പദ്ധതി ആരംഭിക്കുന്നതിന് മുൻപായി ഭൂജല വകുപ്പിൽ നിന്നും വാങ്ങണമെന്ന് ടി കത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി ഭൂജല വകുപ്പിൽ നിന്നും ഫീസിബിലിറ്റി വാങ്ങാതെയാണ് സ്ഥാപനവുമായി 07.01.19-ൽ കരാർ ഉടമ്പടി ചമച്ച് തുക കൈമാറിയത്. എസ്.സി.പി. ഫണ്ടുപയോഗിച്ചുള്ള ഈ പ്രവൃത്തിക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഫീസിബിലിറ്റി വാങ്ങിയിട്ടില്ല. മാത്രമല്ല പദ്ധതി പൂർത്തീകരിച്ചതിന് ശേഷം ഗുണഭോക്തൃസമിതിയ്ക്ക് കൈമാറുന്നത് സംബന്ധിച്ച വ്യവസ്ഥകളും പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃ സമിതി രൂപീകരിച്ച് നിയമാനുസൃത എഗ്രിമെന്റിൽ ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടിട്ടില്ല. മാത്രമല്ല കുടിവെള്ള പദ്ധതി സ്ഥാപിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിനുണ്ട് എന്നത് തെളിയിക്കുന്ന രേഖകളും ഹാജരാക്കിയിട്ടില്ല.

3) ജി.ഒ.(പി.)നം.311/2014/ധന. തീ.30.07.14 അനുസരിച്ച് അക്രഡിറ്റഡ് സ്ഥാപനങ്ങൾക്ക് എഗ്രിമെന്റ് പ്രകാരം നിർമ്മാണ പ്രവൃത്തികൾക്കായി കരാർ തുകയുടെ (846000) 20% തുക അഡ്വാൻസ് ആയി നൽകണമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 169200 രൂപ മുൻകൂറായി നൽകാവുന്നതാണ്. എന്നാൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി വികസന ഫണ്ടിൽ നിന്നും 423000 രൂപ മുൻകൂറായി നൽകി. കരാർ ഉടമ്പടി പ്രകാരം കരാർ ദിവസമായ 07.01.2019 മുതൽ 3 മാസ സമയപരിധിക്കുള്ളിൽ നിർമ്മാണ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിക്കാമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് അടിയന്തിര വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(16/27.6.19) മറുപടിയായി ഫീസിബിലിറ്റി സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും വാങ്ങി ഹാജരാക്കാമെന്നും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 423000 രൂപ തടസ്സപ്പെടുത്തുന്നു. കോളനിയിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം

നിലനിൽക്കുന്നതിനാൽ അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതും മേൽ സൂചിപ്പിച്ച രേഖകൾ എൻജിനീയറിംഗ് വിഭാഗത്തിന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രം സഹിതം ഓഡിറ്റിൽ ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കേണ്ടതാണ്.

# 3-10 സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ വികസന ഫണ്ട് ചെലവഴിച്ചു

| പ്രോജക്ട് | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം (S004/19) | | | |
|---|---|---|---|---|
| ഫണ്ടിനം | വികസന ഫണ്ട് (ജനറല്) | വികസന ഫണ്ട് (എസ്.സി.പി) | തനത് ഫണ്ട് | ആകെ |
| അടങ്കൽ | 600000 | 1050000 | 450000 | 2100000 |
| ചെലവ് | 592230 | 1049450 | 77030 | 1718710 |

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 വർഷം സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 11 സ്കൂളുകളിലെ 982 കുട്ടികളാണ് പ്രോജക്ടിന്റെ ഗുണഭോക്താക്കൾ. തെരഞ്ഞെടുത്ത കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുകയും ഒരു കുട്ടിയ്ക്ക് ഒരു ദിവസം 10 രൂപ ക്രമത്തിൽ തുക കണക്കാക്കി ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. 2019 ജനുവരി വരെയുള്ള ചെലവ് തുകയാണ് ഈ പ്രോജക്ട് പ്രകാരം നൽകിയിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29/1/18) ഖണ്ഡിക 7.6(7) പ്രകാരം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസുവരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടുകൾ സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. മാത്രമല്ല ഇതിനുള്ള ചെലവ് പരമാവധി സ്പോൺസർഷിപ്പിലൂടെ കണ്ടെത്തണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, എയിഡഡ് സ്കൂളുകളിലും ദീപ്തി സ്പെഷ്യൽ സ്കൂൾ എന്ന സ്വകാര്യ സ്കൂളിലും പ്രഭാത ഭക്ഷണം നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളുകളുടെ പേര് | കുട്ടികളുടെ എണ്ണം | 6/18 മുതൽ1/19 വരെയുള്ള മാസ ങ്ങളിൽ ചെലവായ തുക നൽകിയത് |
|---|---|---|---|
| 1 | ഗവ.എൽ.പി.എസ്. വയല | 110 | 161710 |
| 2 | എം.ഡി.എം.യു.പി.എസ്, വയല | 36 | 53890 |
| 3 | എൻ.എസ്.എസ്.എച്ച്.എസ്.എസ്, അടൂർ | 42 | 59420 |
| 4 | എൻ.എസ്.എസ്.എൽ.പി.എസ്, അടൂർ | 39 | 59010 |
| 5 | ഗവ.വി.എച്ച്.എസ്.എസ്. വടക്കടത്തുകാവ് | 112 | 163320 |
| 6 | ബി.ആർ.സി. അടൂർ, ഓട്ടിസം സെന്റർ | 20 | 8000 |
| 7 | ജി.എൽ.പി.എസ്. ചൂരക്കോട് | 323 | 484470 |
| 8 | ജി.എൽ.പി.എസ്, പുതുശ്ശേരി ഭാഗം | 68 | 103690 |
| 9 | ജി.എൽ.പി.എസ്, തുവയൂർ നോർത്ത് | 86 | 117220 |

| | | | |
|---|---|---|---|
| 10 | ജി.യു.പി.എസ്, മണക്കാല | 58 | 75200 |
| 11 | ദീപ്തി സ്പെഷ്യൽ സ്കൂൾ, മണക്കാല | 88 | 124420 |

എം.ഡി.എം.യു.പി.എസ്. വയല, എൻ.എസ്.എസ്.എച്ച്.എസ്.എസ് അടൂർ, എൻ.എസ്.എസ്.എൽ.പി.എസ് അടൂർ, ദീപ്തി സ്പെഷ്യൽ സ്കൂൾ, മണക്കാല എന്നീ സ്കൂളുകൾക്കായി 296740 രൂപ ചെലവഴിച്ചത് പദ്ധതി മാർഗ്ഗ രേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ ചെലവ് തുക 296740 രൂ.ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) വികസന ഫണ്ട് (എസ്.സി.പി.)-വകമാററി ചെലവഴിച്ചത് 4.65 ലക്ഷം രൂപ

പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടിന്റെ ഭാഗമായി വികസന ഫണ്ടിൽ(ജനറൽ) നിന്നും 592230 രൂപയും വികസന ഫണ്ട്(എസ്.സി.പി)-യിൽ നിന്നും 1049450 രൂപയും ചെലവഴിച്ചിട്ടുണ്ട്. എസ്.സി.പി ഫണ്ട് ചെലവഴിക്കുന്നതിന് ആധാരമായി ബന്ധപ്പെട്ട സ്കൂൾ അധികാരികൾ സാക്ഷ്യപ്പെടുത്തിയ ജനറൽ/ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളുടെ കണക്ക് പരിശോധിച്ചതിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായല്ലാതെയാണ് ഫണ്ട് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമായി. പ്രഭാത ഭക്ഷണം നൽകുന്ന ആകെ 982 കുട്ടികളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 333 ഗുണഭോക്താക്കളും ജനറൽ വിഭാഗത്തിൽപ്പെട്ട 649 കുട്ടികളും ഉൾപ്പെടുന്നു. ആകെ കുട്ടികളിൽ 34% മാത്രമാണ് എസ്.സി. കുട്ടികൾ എന്നതിനാൽ ആകെ ചെലവിന്റെ 34% തുക മാത്രമാണ് വികസന ഫണ്ട്(എസ്.സി.പി) നിന്നും ചെലവഴിക്കുവാൻ കഴിയുന്നത്. അതായത് പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും 584360 രൂപ ചെലവഴിക്കേണ്ട സ്ഥാനത്ത് 1049450 രൂപ ചെലവഴിച്ചു. വകമാറ്റി ചെലവഴിച്ച 465090 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3) ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് ആവിഷ്കരിച്ചപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്നത് ചൂരക്കോട് ഗവ.എൽ.പി.എസ്. ഹെഡ്മിസ്ട്രസ് ആയ ശ്രീമതി സി.എം.ബുഷ്റ ആയിരുന്നു. എന്നാൽ 01.08.2018 മുതൽ തുവയൂർ എൽ.പി.എസ് ഹെഡ്മിസ്ട്രസ് ആയ ശ്രീമതി വി.ആർ.ശ്യാമള നിർവ്വഹണ ചുമതല ഏറ്റെടുത്തതായി കാണുന്നു. സ്കൂൾ വർഷം ആരംഭിച്ച 6/2018 മുതൽ 1/2019 വരെയുള്ള കാലയളവിൽ പ്രഭാത ഭക്ഷണത്തിന് ചെലവായ തുക നിർവ്വഹണ ഉദ്യോഗസ്ഥയായ ശ്രീമതി വി.ആർ.ശ്യാമള ബിൽ/ചെക്ക് പ്രകാരം പിൻവലിച്ച് നൽകുകയും ആയതിന്റെ രേഖകൾ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീമതി സി.എം.ബുഷ്റ നിർവ്വഹണ ഉദ്യോഗസ്ഥയായിരിക്കെ പിൻവലിച്ച 308360 രൂപയുടെ (ബിൽ നം.4/19തീ.12/7/18) ചെലവിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 3/18-ലെ ഭക്ഷണച്ചെലവ് എന്ന് ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്ക് പരിശോധനയ്ക്ക് നൽകിയില്ല. മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനായി സ്പിൽ ഓവർ പ്രോജക്ടും തൻവർഷമില്ല. തൻ വർഷ പ്രോജക്ടിൽ കുടിശ്ശിക നൽകാനുള്ളതിനെപ്പറ്റി സൂചിപ്പിച്ചിട്ടുമില്ല. രേഖകളുടെ അഭാവത്തിൽ 308360 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും രേഖകൾ കൈമാറി നൽകിയിരുന്നില്ല എന്ന് അവർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 1070190 രൂപ (296740+465090+308360) നിരാകരിച്ച് തുക തിരികെ ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-11 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഓഡിറ്റ് വർഷം ചൂരക്കോട് ഗവ.എൽ.പി.എസ്.ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പ്രോജക്ടുകൾക്ക് 8,37,660/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ചെലവിനാസ്പദമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്/നമ്പർ | ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം, 3/19 | വികസന ഫണ്ട്- 316200 | 1/18തീ.18.6.18 |
| | | വികസന ഫണ്ട്(എസ്.സി.പി)- 140000 | 2/18തീ.18.6.18 |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ, 191/19 | വികസന ഫണ്ട്(എസ്.സി.പി)-73000 | 3/18 18.06.18 |
| 3 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം, 4/19 | വികസന ഫണ്ട്- 308460 | 4/18 12.7.18 |
| | ആകെ | 837660 | |

1/8/2018മുതൽ തുവയൂർ എൽ.പി.എസ് ഹെഡ്മിസ്ട്രസ് ആയ ശ്രീമതി വി.ആർ.ശ്യാമള നിർവ്വഹണ ചുമതല ഏറ്റെടുത്തിട്ടുണ്ട്. നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതിന് 29/6/18-ന് ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും മേൽ സൂചിപ്പിച്ച രേഖകൾ ഒന്നും തന്നെ കൈമാറിയിട്ടില്ലെന്ന് മറുപടി നൽകിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 837660 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 837660 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

# 3-12 ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമില്ലാത്ത ലൈബ്രറികൾക്ക് പുസ്തകം വാങ്ങി നൽകി

| | |
|---|---|
| പ്രോജക്ട് | ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ (S0042/19) |
| അടങ്കൽ | 150000 |
| ചെലവ് | 150000 |
| ട്രഷറി ബിൽ നം.,തീ. | 185/26.12.18 |

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടിന്റെ ഭാഗമായി കറന്റ് ബുക്ക്സിൽ നിന്നും 30% ഡിസ്കൗണ്ടിൽ ലൈബ്രറികൾക്കായി മലയാള പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിൽ തുവയൂർ ഗവ.എൽ.പി.സ്കൂളിനായി 25000 രൂപയുടെ പുസ്തകങ്ങളും പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 5 ലൈബ്രറികൾക്കായി 125000 രൂപയുടെ പുസ്തകങ്ങളും ആണ് വാങ്ങി നൽകിയത്. 19/8/14-ലെ ജി.ഒ(എം.എസ്)2148/2014/ത.സ്വ.ഭ.വ പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്ക് പുസ്തകം വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നതിന് അനുമതി നൽകിയിരുന്നു. പ്രോജക്ടിന്റെ ഭാഗമായി പുസ്തകങ്ങൾ നൽകിയ 5

ലൈബ്രറികളിൽ ചുവടെ ചേർക്കുന്ന 4 ലൈബ്രറികൾക്ക് ലൈബ്രറി കൗൺസിലിൽ അംഗത്വം ഉണ്ടെന്നുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ലൈബ്രറിയുടെ പേര് | നൽകിയ പുസ്തകങ്ങളുടെ വില |
|---|---|
| പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം | 25000 |
| നേതാജി സ്മാരക ഗ്രന്ഥശാല & വായനശാല | 25000 |
| വടക്കടത്ത് കാവ് പബ്ലിക് ലൈബ്രറി | 25000 |
| ഗ്രാമോദ്ധാരണ ഗ്രന്ഥശാല & വായനശാല | 25000 |

പുസ്തകങ്ങൾ ലൈബ്രറികളുടെ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നത് നിർവ്വഹണ ഉദ്യോഗസ്ഥ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. സർക്കാർ ഉത്തരവ് പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കിയത് സംബന്ധിച്ചും മറ്റ് അപാകതകൾ സംബന്ധിച്ചും അടിയന്തിരമായി വിശദീകരണം ലഭ്യമാക്കണമെന്നും രേഖകൾ ഹാജരാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ അനുമതിയില്ലാത്ത നാലു ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-13 ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി വാങ്ങാതെ നൽകി

| | |
|---|---|
| പദ്ധതിയുടെ പേര് | വിവാഹ ധനസഹായം -പട്ടികജാതി വിഭാഗം (S0029/19) |
| അടങ്കൽ തുക | ₹600000 (വികസന ഫണ്ട്, എസ്.സി.പി) |
| ചെലവ് തുക | ₹600000 |
| ട്രഷറി ബിൽ നം. തീ. | 39/18.07.2018 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം 8 പെൺകുട്ടികളുടെ വിവാഹത്തിന് 75000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന കാര്യത്തിൽ, ഗുണഭോക്താക്കളെ മുൻകൂട്ടി കണ്ടെത്തുവാൻ കഴിയാത്തതിനാൽ, അപേക്ഷകൾ ലഭ്യമാകുമ്പോൾ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനസഹായം നൽകുകയും തൊട്ടടുത്ത ഗ്രാമസഭയിൽ വച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് സാധൂകരണം വാങ്ങുകയുമാണ് ചെയ്യുന്നത്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിൽ ഈ മാനദണ്ഡങ്ങൾ പാലിച്ചതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ശ്യാമള, ശക്തി നിവാസ് |
| 2 | രമ എൽ, രമ്യാ ഭവനം |
| 3 | ശ്രീലത ആർ, കിളിവയൽ |
| 4 | പൊടിപ്പെണ്ണ്, പുത്തൻ വിളയിൽ |
| 5 | ശാന്ത, ആദിക്കാട്ട് വീട് |
| 6 | ശകുന്തള, ശരണ്യ ഭവനം |
| 7 | ശാരദ, ഇടശ്ശേരിമേലേതിൽ |
| 8 | ശ്യാമള, രാജേഷ് ഭവനം |

ഈ സാഹചര്യത്തിൽ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(23/29.6.19) കമ്മിറ്റിയുടേയും ഗ്രാമസഭയുടേയും സാധൂകരണം വാങ്ങി രേഖകൾ ഓഡിറ്റിൽ ഹാജരാക്കാമെന്നാണ് മറുപടി ലഭ്യമാക്കിയത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കി പരാമർശം തീർപ്പാക്കുന്നതിന് ഭരണതല നടപടികൾക്ക് ശുപാർശ ചെയ്യുന്നു.

# 3-14 ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് സബ്സിഡി വിതരണം ചെയ്തു

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ഭാഗമായി ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്.

**1. കറവപ്പശുക്കൾക്ക് കാലിത്തീറ്റ (പ്രോ.നം.77/19)**

| | |
|---|---|
| വകയിരുത്തിയ തുക | ₹300000 (തനത് ഫണ്ട്)<br>₹300000 (ഗുണഭോക്തൃ വിഹിതം) |
| ചെലവു തുക | ചെക്ക് നം.2725858/12.03.19 – ₹99205<br>ചെക്ക് നം.2725857/12.03.19 – ₹ 54370<br>ചെക്ക് നം.2725859/12.03.19 – ₹23055<br>ചെക്ക് നം.2725874/26.03.19 – ₹74881<br>ചെക്ക് നം.2725873/26.03.19 – ₹35060<br>ആകെ ചെലവ് - ₹286571 |

ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | പേര്, മേൽവിലാസം |
|---|---|
| 1. | ഗീതാകുമാരി, ഗോവിന്ദ നിവാസ്, ചൂരക്കോട് |
| 2. | അനിൽകുമാർ കെ., അനിതാ മന്ദിരം |
| 3. | അനിത ആർ., രേവതി, തുവയൂർ നോർത്ത് |
| 4. | ലില്ലിക്കുട്ടി, കൊച്ചു പുത്തൻ വീട്, തുവയൂർ നോർത്ത് |

**2. ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രോ.നം. 74/19)**

| | |
|---|---|
| വകയിരുത്തിയ തുക | ₹150000 (വികസന ഫണ്ട്)<br>₹100000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹200000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>-----------<br>₹450000<br>===== |
| ചെലവു തുക | ₹150000 (ബിൽ നം.C.B.ER-1/2018-19/28.11.18)<br>₹100000 (ചെക്ക് നം.7053692/13.12.18)<br>₹80971 (ചെക്ക് നം.2072706/26.03.19)<br>₹66545 (ചെക്ക് നം.2072705/26.03.19)<br>₹52484 (ചെക്ക് നം.2072707/26.03.19)<br>₹450000 |

ക്ഷീര സംഘത്തിൽ പാൽ അളക്കുന്നവർക്ക് അധിക വരുമാനം നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി. അഞ്ചു ക്ഷീരസംഘങ്ങളിലെ 138 ക്ഷീര കർഷകർക്കാണ് ആനുകൂല്യം ലഭ്യമായത്. പുതുശ്ശേരിഭാഗം ക്ഷീരോല്പാദക സഹകരണ സംഘം, തുവയൂർ വടക്ക് ക്ഷീരോല്പാദക സഹകരണസംഘം, അടൂർ മിൽക്ക് സപ്ലയേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി എന്നിവിടങ്ങളിൽ പാലളവ് ഉള്ളവരുടെ, സംഘം സെക്രട്ടറിമാർ നൽകിയ ലിസ്റ്റ് പഞ്ചായത്തു കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. (22.09.18-ലെ 3- ാം നമ്പർ തീരുമാനം, 19.11.18-ലെ 7- ാം നമ്പർ തീരുമാനം) എന്നാൽ ടി ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമസഭകൾ അംഗീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24 തീയതി.29.06.19) മറുപടി ലഭ്യമാക്കിയില്ല.

ബഹു. കേരള ഹൈക്കോടതിയുടെ 04.04.1997-ലെ ഒ.പി.നം.18175/96/എൻ കേസിലെ വിധിന്യായത്തിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരസ്ഥാനങ്ങൾ അല്ലെന്നും ഗ്രാമസഭയ്ക്ക് മാത്രമാണ് അതിനുള്ള അവകാശമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 3-15 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഫണ്ടിന്റെ അപര്യാപ്തത മൂലം ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല

ക്ഷീര സംഘത്തിൽ പാൽ അളക്കുന്നവർക്ക് അധിക വരുമാനം നൽകുന്നതിനായി ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയാണ് ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി. പ്രസ്തുത പദ്ധതിക്കായി വിഹിതം ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് , ജില്ലാ പഞ്ചായത്ത് എന്നിവയുമായി ചേർന്ന് സംയുക്ത പദ്ധതിയാണ് ആവിഷ്കരിച്ചിരുന്നത്. അഞ്ചു ക്ഷീരസംഘങ്ങളിലെ 138 ക്ഷീര കർഷകർക്കാണ് ആനുകൂല്യം ലഭ്യമായത്. എന്നാൽ മതിയായ തുക വകയിരുത്താത്തതു കാരണം 2017 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ലിറ്ററിന് 3രൂപ നിരക്കിലും സെപ്റ്റംബർ മാസത്തിൽ 4 രൂപ നിരക്കിലുമാണ് സബ്സിഡി തുക വിതരണം ചെയ്യാൻ കഴിഞ്ഞത്. അവസാനത്തെ ആറു മാസങ്ങളിൽ സബ്സിഡി ഒട്ടുംതന്നെ നൽകിയില്ല. ആയതിനാൽ പദ്ധതി പൂർണ്ണമായും ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല. പ്രോജക്ട് ആവിഷ്കരിക്കുമ്പോൾ ആവശ്യകതയ്ക്ക് അനുസൃതമായി ഫണ്ട് വകയിരുത്തുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 3-16 മുൻകൂർ തുക നൽകി - മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല

2018-19സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി സർക്കാർ ഏജൻസികളിൽ **1986436** രൂപ മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇവ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | പണം അടവാക്കിയ ഏജൻസി/ സ്ഥാപനം | അടച്ച തുക | ലഭ്യമായ മരുന്നിന്റെ വിവരം | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| 1 | ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.S0062/2019) | ഔഷധി | 400000 | 396221 | 3779 |
| 2 | NHM ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നം.S0050/2019) | ഹോംകോ | 99999 | 0 | 99999 |
| 3 | പാലിയേറ്റീവ് കെയർ (പ്രോജക്ട് നം.S0010/2019) | KMSCL, തിരുവനന്തപുരം | 886532 | 379526 | 507006 |
| 4 | പി.എച്ച്.സി.യിലേക്ക് ഇൻസുലിൻ വാങ്ങൽ (പ്രോജക്ട് നം. s0085/19) | KMSCL, തിരുവനന്തപുരം | 399905 | 299904 | 100001 |
| 5 | പി.എച്ച്.സി.യിലേക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം. s0063/19) | KMSCL, തിരുവനന്തപുരം | 200000 | 85034 | 114966 |
| | **ആകെ** | | **1986436** | **1160685** | **825751** |

**825751** രൂപയുടെ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാകാതിരിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ ഭരണസമിതിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്. പാലിയേറ്റീവ് കെയർ പ്രോജക്ടിൽ രോഗികൾക്ക് ഏറ്റവും അവശ്യവും അത്യന്താപേക്ഷിതവുമായ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതും നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

# 3-17 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചറും മറ്റ് ഉപകരണങ്ങളും (പ്രോജക്ട് നം. 51) – പത്ര പരസ്യം ചെയ്ത് ടെണ്ടർ ക്ഷണിച്ചതിനുശേഷം പദ്ധതി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചറും, മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 200000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 02.12.18-ൽ പത്ര പരസ്യം

നൽകി ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 3 സ്ഥാപനങ്ങളിൽനിന്നും ടെണ്ടർ ലഭിച്ചിട്ടുണ്ട്. ഓപ്പൺ ചെയ്ത മൂന്ന് ടെണ്ടറുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ വിവരം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുള്ളതായോ, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകിയിട്ടുള്ളതായോ കാണുന്നില്ല. പ്രോജക്ട് നിർവ്വഹണ നടപടികൾ അന്തിമ ഘട്ടത്തിൽ എത്തിയതിനുശേഷം പദ്ധതി നടപ്പിലാക്കാതെ ഉപേക്ഷിച്ചതുമൂലം പദ്ധതിയ്ക്ക് മെയിന്റനൻസ് ഗ്രാന്റിൽനിന്നും വകയിരുത്തിയ 200000 രൂപ ലാപ്സായി.

പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ച ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-18 കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണത്തിലുണ്ടായ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

**(1) പുതിയ ജലസേചന കിണർ**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0019/19 |
| അടങ്കൽ | 105000വികസന ഫണ്ട് (ജനറൽ) |
| ചെലവ് | 60000 |

പ്രോജക്ടിന്റെ ഭാഗമായി 4 ഗുണഭോക്താക്കൾക്ക് 15000 രൂപ ക്രമത്തിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ(സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ/14.2.18 പ്രകാരം) പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വേണം ഇത്തരം പ്രവൃത്തികൾ നടത്തേണ്ടത്. അതിനു കഴിയുന്നില്ലെങ്കിൽ മാത്രം വികസന ഫണ്ട് ഉപയോഗിക്കാം. തൻ വർഷം 53 കിണറുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ജലസേചനക്കിണറുകൾ അനുവദിച്ചിരുന്നുവെങ്കിൽ വികസന ഫണ്ടിൽ നിന്നുള്ള അധിക ചെലവ് ഒഴിവാക്കാമായിരുന്നു. മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് അനുസൃതമായി പ്രോജക്ട് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**(2) ജലസേചന പമ്പ്സെറ്റ്**

| | |
|---|---|
| പ്രോജക്ട് നമ്പർ | 2/19 |
| അടങ്കൽ | 170000 |
| ചെലവ് | 156550 (148/24.11.18, 186/24.12.18) |

പ്രോജക്ടിന്റെ ഭാഗമായി പമ്പ് സെറ്റിന് ആനുകൂല്യം നൽകിയ ഭദ്രദാസ് ഭട്ടതിരി എന്നയാൾ ഹാജരാക്കിയിരിക്കുന്നത് Joboy electricals എന്ന സ്ഥാപനത്തിൽ നിന്നുള്ള 23777രൂപയുടെ ക്വട്ടേഷനാണ്. പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 50% സബ്സിഡി ആണ് അനുവദനീയം. ക്യാഷ്/ക്രഡിറ്റ് ബില്ലിന്റെ അഭാവത്തിൽ സബ്സിഡി അനുവദിച്ചതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. മാത്രമല്ല പമ്പ്സെറ്റിന് സബ്സിഡി ആനുകൂല്യം നൽകിയ 17 ഗുണഭോക്താക്കളുടെ അപേക്ഷയിലും ഗുണഭോക്താവ് കൃഷിയ്ക്ക് ജലസേചനത്തിനായി പമ്പ്സെറ്റ് സ്ഥാപിച്ചിട്ടുണ്ടെന്ന് കൃഷി അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**(3) സുഫലം**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0288/19 |
| | |

| | |
|---|---|
| അടങ്കൽ | ₹40,00,000 (ജില്ലാ പഞ്ചായത്ത് ഫണ്ട്)<br>₹2,00,000 (തനത് ഫണ്ട്) |
| ചെലവ് | ₹30,00,000 (ജില്ലാ പഞ്ചായത്ത് ഫണ്ട്)<br>₹2,00,000 (തനത് ഫണ്ട്) |

29/1/19-ൽ ഭരണാനുമതി ലഭിച്ച ഈ പ്രോജക്ട് 18/2/19-ന് വെറ്റിംഗ് ഓഫീസർ അംഗീകരിച്ച് ഡി.പി.സി അംഗീകാരത്തോട് സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിലാണ് നടപ്പിലാക്കിയത്. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 30 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 2 ലക്ഷം രൂപയും ഉപയോഗിച്ച് 2000 രൂപ വിലയുള്ള 2100 കിഴങ്ങ് വർഗ്ഗ സുഗന്ധ വർഗ്ഗ വിളകളുടെ വിത്തിന്റെ കിറ്റ് ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ലഭ്യമാക്കാനായിരുന്നു പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. 18/2/19-ലെ ഗ്രാമപഞ്ചായത്ത് അടിയന്തിര കമ്മിറ്റി തീരുമാന പ്രകാരം 2000 രൂപയുടെ കിറ്റുകൾ വി.എഫ്.പി.സി.കെയിൽ നിന്നും വാങ്ങി കർഷകർക്ക് വിതരണം ചെയ്യാൻ കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് 32 ലക്ഷം രൂപ ചെലവഴിച്ച് 1600 യൂണിറ്റുകൾ വി.എഫ്.പി.സി.കെയിൽ നിന്നും വാങ്ങിയിട്ടുണ്ട്. 17 വാർഡുകളിലായി ഇത് വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഫയലിലുണ്ട്.

സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് കാർഷിക ഉത്പാദനവും കാർഷിക അധിഷ്ഠിത ഉല്പന്ന നിർമ്മാണവും വിപണന ശൃംഖലയും രൂപീകരിക്കുന്നതിനാണ് സുഫലം പദ്ധതി ലക്ഷ്യമിടുന്നത്. ഇതനുസരിച്ച് ജില്ലാ ആസൂത്രണ സമിതി സംയുക്ത പ്രോജക്ട് ആയി നടപ്പിലാക്കേണ്ട ഈ പ്രോജക്ടിനായി ജില്ലയ്ക്ക് അനുയോജ്യമായ വിളകൾ നിശ്ചയിക്കേണ്ടതും അനുയോജ്യമായ യൂണിറ്റ് കോസ്റ്റുകൾ നിജപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ജില്ലയ്ക്ക് അനുയോജ്യമായ വിളകൾ, യൂണിറ്റ് കോസ്റ്റ് എന്നിവ നിശ്ചയിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ലഭ്യമായ 30 ലക്ഷം രൂപയും കിഴങ്ങ് വിളകളുടെ വിത്ത് കർഷകർക്ക് നൽകുന്നതിനായി ചെലവഴിക്കുകയാണ് ചെയ്തത്. വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

**(4) ടെണ്ടർ കൂടാതെ കെയ്കോയിൽ നിന്നും നെല്ല്/വാഴ വിത്തുകൾ, ജൈവവളം എന്നിവ വാങ്ങി**

| പ്രോജക്ടിന്റെ നമ്പരും പേരും | കദളിശ്രീ, 15/19 | നെൽകൃഷി വികസനം, 18/19 | കിഴങ്ങ് കൃഷി വികസനം, 14/19 |
|---|---|---|---|
| ആകെ വകയിരുത്തിയ തുക | 184500 (വികസന ഫണ്ട്) | 250000 (വികസന ഫണ്ട്) | 112500, (വികസന ഫണ്ട്), ഗുണഭോക്തൃ വിഹിതം-12500 |
| ചെലവ് തുക | 184500 | 240282 | 112500, ഗുണഭോക്തൃ വിഹിതം-12500 |
| കെയ്കോയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങിയതിന്റെ വിശദാംശം | 4500 ഏത്തവാഴ വിത്തുകൾ ഒന്നിന് 14 രൂപ ക്രമത്തിൽ 63000 രൂപയ്ക്ക് വാങ്ങി | 600 കി.ഗ്രാം ഉമ നെൽ വിത്ത് 40 രൂപ നിരക്കിൽ 24000രൂപയ്ക്ക് വാങ്ങി | 1660 കി.ഗ്രാം ജൈവ വളം കി.ഗ്രാമിന് 30 രൂപ ക്രമത്തിൽ വാങ്ങി |

കെയ്കോ, തിരുവല്ല എന്ന സ്ഥാപനം കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനമാണ്. ടി സ്ഥാപനത്തിൽ നിന്നുമാണ് ടെണ്ടർ നടപടികൾ കൂടാതെ വാഴവിത്തുകൾ, ജൈവ വളം എന്നിവ വാങ്ങിയത്. സ.ഉ.(സാധാ.)3299/2016/ത.സ്വ.ഭ.വ., തീയതി 02-12-2016 പ്രകാരം ടെണ്ടർ ഒഴിവാക്കി വാങ്ങുന്ന സാധന സാമഗ്രികൾ അവ നിർമ്മിക്കുന്ന സ്ഥാപനങ്ങളിൽ നിന്നു മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. ആയതിന്

വിരുദ്ധമായാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. കൃഷി വകുപ്പ്, ശുചിത്വ മിഷൻ എന്നിവ സാക്ഷ്യപ്പെടുത്തിയ ജൈവവളങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്ന് മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ കെയ്ക്കോയിൽ നിന്നും പർച്ചെയ്സ് നടത്തിയിരിക്കുന്ന ജൈവവളം ഇപ്രകാരം അംഗീകാരമുള്ളതാണോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (33/2.7.19) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-19 വാട്ടർ അതോറിറ്റി മുഖാന്തിരമുള്ള ഡെപ്പോസിറ്റ് പ്രവൃത്തി - സെന്റേജ് ചാർജ്ജ് ഇനത്തിൽ 2.5% തുക അധികം ഈടാക്കി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.256 പ്രകാരം ബഹുവർഷ പ്രോജക്ടായി നടപ്പിലാക്കിയ പ്രവൃത്തിയാണ് XII-ാം വാർഡിൽ കുഴിയത്ത്പടി ആശ്രമംപടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ. ഈ പദ്ധതിയ്ക്ക് 2017-18 വർഷം 300000 രൂപയും, 2018-19 വർഷം 140000 രൂപയുമാണ് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തി നടത്തുന്നതിന് 12.5% സെന്റേജ് ചാർജ്ജാണ് വാട്ടർ അതോറിറ്റി ഈടാക്കിയിട്ടുള്ളത്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% തുകയാണ് സെന്റേജ് ചാർജ്ജായി കണക്കാക്കിയിട്ടുള്ളത്. എന്നാൽ പി.ഡബ്ല്യു.ഡി. മാന്വൽ ഖണ്ഡിക 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജ്ജായ 2.5% ഒടുക്കുന്നതിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമാണ്. ആയതിനാൽ 12.5% നിരക്കിൽ സെന്റേജ് ചാർജ്ജ് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സെന്റേജ് ഇനത്തിൽ അധികം ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എസ്റ്റിമേറ്റ് തുക | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സെന്റേജ് (12.5%) | ലംപ്സം | ഡെപ്പോസിറ്റ് തുക | സെന്റേജ് ഇനത്തിൽ അധികം ഈടാക്കിയ തുക (2.5%) |
|---|---|---|---|---|---|
| 2017-18 | 253536.66 | 31692.21 | 14771.13 | 300000 | 6338.42 |
| 2018-19 | 118137.15 | 14767.15 | 7095.70 | 140000 | 2953.43 |
| | ആകെ | | | | 9291.85 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം സെന്റേജ് ഇനത്തിൽ 9292 രൂപ വാട്ടർ അതോറിറ്റിയിൽ അധികം ഒടുക്കി. സെന്റേജ് ചാർജ്ജ് ഇനത്തിൽ വാട്ടർ അതോറിട്ടി അധികം ഒടുക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

# 3-20 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണം - പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

ഓഡിറ്റ് വർഷം വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വാട്ടർ അതോറിട്ടി, കെ.എസ്.ഇ.ബി. എന്നീ

സ്ഥാപനങ്ങളിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസികളുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ തുക മുൻകൂർ കൈമാറാവൂ. എന്നാൽ തുകകൾ ഡെപ്പോസിറ്റ് ചെയ്യുന്നതിനു മുമ്പായി പ്രസ്തുത സ്ഥാപനങ്ങളുമായി മുദ്രപത്രത്തിൽ എഗ്രിമെന്റ് ചമച്ചിട്ടില്ല. കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള തുകകൾ ട്രഷറി മുഖേന ഓൺലൈനായി ടി സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ വിവിധ പദ്ധതികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ, തുക നിക്ഷേപിച്ച് അക്കൗണ്ട് നമ്പർ, പദ്ധതിയുടെ പേരുൾപ്പെടെ, ബന്ധപ്പെട്ട സ്ഥാപനങ്ങളെ രേഖാമൂലം അറിയിക്കുകയോ, നിക്ഷേപിച്ച തുകകൾക്കുള്ള ഔദ്യോഗികമായ കൈപ്പറ്റ് രസീതി വാങ്ങി ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തൻവർഷം നടപ്പിലാക്കിയ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | ഡെപ്പോസിറ്റ് തുക | ഏജൻസി | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 55 | തുവയൂർ വടക്ക് വാർഡിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 200000 | വാട്ടർ അതോറിറ്റി | 21/11.03.19 |
| 2 | 184 | പൈപ്പ് ലൈൻ നീട്ടൽ | 140000 | വാട്ടർ അതോറിറ്റി | 16/12.12.18 |
| 3 | 273 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 76600 | കെ.എസ്.ഇ.ബി. | 19065/30.01.19–₹20469<br>18991/13.02.19-₹11379<br>215748/23.2.19-₹7482<br>215862/28.2.19-₹15942<br>2725864/18.3.19-₹21328 |
| 4 | 275 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 228250 | കെ.എസ്.ഇ.ബി. | 2725860/13.3.19 |

അപാകതകൾ പരിഹരിച്ച് പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-21 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല

2016-17 മുതൽ 2017-18 വരെ കാലയളവിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ചുവടെ ചേർക്കും പ്രകാരം 1.19 കോടി രൂപ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ ഏജൻസികൾക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം., വർഷം | പ്രോജക്റ്റിന്റെ പേര് | ഡെപ്പോസിറ്റ് തുക | ഏജൻസി |
|---|---|---|---|---|
| 1 | 268/16 | നാരകത്തുംവുള മാണിയക്കോട് – പൂക്കോട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 150000 | കേരള വാട്ടർ അതോറിട്ടി |
| 2 | 102/17 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 3556400 | കെ.എസ്.ഇ.ബി. |
| 3 | 104/17 | പൈപ്പ് ലൈൻ നീട്ടൽ | 1196400 | കേരള വാട്ടർ അതോറിറ്റി |
| 4 | 159/17 | പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 1040375 | കെ.എസ്.ഇ.ബി. |
| 5 | 160/17 | പട്ടികജാതി കോളനികളിൽ കടിവെള്ള പൈപ്പ് ലൈൻ | 2177178 | കേരള വാട്ടർ അതോറിറ്റി |
| 6 | 1/18 | തെരുവ് വിളക്കുകൾക്ക് | 848000 | കെ.എസ്.ഇ.ബി. |

| | | | | |
|---|---|---|---|---|
| | | മീറ്റർ സ്ഥാപിക്കൽ | | |
| 7 | 2/18 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 217300 | കെ.എസ്.ഇ.ബി. |
| 8 | 3/18 | പൈപ്പ് ലൈൻ നീട്ടൽ | 103600 | കേരള വാട്ടർ അതോറിറ്റി |
| 9 | 4/18 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 34763 | കെ.എസ്.ഇ.ബി. |
| 10 | 250/18 | സ്ട്രീറ്റ് ലൈൻ നീട്ടൽ | 1687858 | കെ.എസ്.ഇ.ബി. |
| 11 | 256/18 | പൈപ്പ് ലൈൻ നീട്ടൽ | 300000 | കേരള വാട്ടർ അതോറിറ്റി |
| 12 | 55/19 | തുവയൂർ വടക്ക് വാർഡിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 200000 | കേരള വാട്ടർ അതോറിറ്റി |
| 13 | 184/19 | പൈപ്പ് ലൈൻ നീട്ടൽ | 140000 | കേരള വാട്ടർ അതോറിറ്റി |
| 14 | 273/19 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 76600 | കെ.എസ്.ഇ.ബി. |
| 15 | 275/19 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 228250 | കെ.എസ്.ഇ.ബി. |
| | | ആകെ | 11956724 | |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് വൻതുക നിക്ഷേപിക്കുന്നതല്ലാതെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നില്ല. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ മുദ്രപത്രത്തിൽ കരാർ ചമച്ചതിനുശേഷമല്ല തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. സർക്കാർ നിഷ്കർഷിച്ച മാതൃകയിൽ എഗ്രിമെന്റ് ചമയ്ക്കുന്ന പക്ഷം എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും, പണി പൂർത്തിയാക്കി രണ്ട് ആഴ്ചയ്ക്കകം ഫൈനൽ ബില്ലിന്റെ പകർപ്പും, പെർഫോർമൻസ് റിപ്പോർട്ടും, പൂർത്തീകരണ സർട്ടിഫിക്കറ്റും ഏജൻസി പഞ്ചായത്തിന് നൽകുന്നതിനും ബാദ്ധ്യസ്ഥമാകുമായിരുന്നു. കൂടാതെ ഫൈനൽ ബിൽ തുക നൽകിയത് ഡെപ്പോസിറ്റ് തുകയിലും കുറവാണെങ്കിൽ ബാക്കി വന്ന തുക പഞ്ചായത്തിന് താമസം കൂടാതെ തിരികെ ലഭ്യമാക്കുന്നതിനും കഴിയുമായിരുന്നു. എഗ്രിമന്റ് ചമയ്ക്കാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറിയത് മൂലം മേൽ സാധ്യതകൾ നഷ്ടപ്പെടുകയും പഞ്ചായത്ത് ഫണ്ട് നിഷ്ക്രിയമായി മറ്റൊരു ഏജൻസിയിൽ നിലനിൽക്കുന്ന അവസ്ഥയും സംജാതമായിരിക്കുന്നു. വീഴ്ച ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി പ്രവൃത്തികൾ പൂർത്തിയാക്കി പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-22 മരാമത്ത് പ്രവൃത്തികളുടെ രേഖകളും, രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നില്ല

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകളും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. അംഗീകരിച്ച പ്രോജക്ട്, എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവ കൃത്യമായി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല (ഉദാ: 205/19, 196/19, 226/19, 213/19, 252/19)
2. റിവൈസ്ഡ് എസ്റ്റിമേറ്റുകളിൽ ടി.എസ്. നമ്പരും, തീയതിയും രേഖപ്പെടുത്തുന്നില്ല.
3. സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നില്ല.
4. എസ്റ്റിമേറ്റുകളുടെ TS slip-കൾ എല്ലാ ഫയലിലും സൂക്ഷിച്ചില്ല (ഉദാ: 232/19, 246/19)

5. എഗ്രിമെന്റ് രജിസ്റ്ററിലും, കരാറിലും കരാർ കാലയളവ് രേഖപ്പെടുത്തുന്നില്ല (Agreed date of completion).
6. കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തുന്നില്ല. പിഴ ഒടുക്കാതെ കരാർ വയ്ക്കുന്നതിനുള്ള അവസാന തീയതി നോട്ടീസിൽ വ്യക്തമാക്കുന്നില്ല.
7. കരാറുകാർ പെർഫോർമൻസ് സെക്യൂരിറ്റിയായി ഹാജരാക്കുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ അലക്ഷ്യമായി ഫയലിൽ സൂക്ഷിക്കുന്നു.
8. കംപ്ലീഷൻ സർട്ടിഫിക്കറ്റ് എല്ലാ ഫയലിലും ലഭ്യമാക്കിയിട്ടില്ല (ഉദാ: 224/19, 75/19, 161/19, 201/19)
9. പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് ഒരു ഫയലിലും ലഭ്യമാക്കിയിട്ടില്ല.
10. എഗ്രിമെന്റുകൾക്കൊപ്പം എഗ്രിമെന്റ് ഷെഡ്യൂൾ ഹാജരാക്കിയിട്ടില്ല.
11. എഗ്രിമെന്റ് പൂർണ്ണമായി പൂരിപ്പിച്ച് കരാറുകാരനും, എഞ്ചിനീയറും, സാക്ഷികളും ഒപ്പ് വച്ച് ആധികാരികമാക്കുന്നില്ല.
12. എസ്.സി.പി. പ്രോജക്ടുകളുടെ കാര്യത്തിൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കുന്നില്ല (ഉദാ: 205/19, 244/19)
13. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായി കരാർ പത്രം പരിഷ്കരിച്ചിട്ടില്ല. പഴയ മാതൃകയിലാണ് കരാർ ചമയ്ക്കുന്നത്.
14. വർക്ക് ബില്ലിന്റെ (ട്രഷറി കോപ്പി) പകർപ്പ് എല്ലാ ഫയലുകളിലും സൂക്ഷിച്ചിട്ടില്ല (ഉദാ: 226/19)
15. ഫയലിൽ സൂക്ഷിച്ചിട്ടുള്ള വർക്കുബില്ലുകളിൽ പേയ്മെന്റിന്റെ സംക്ഷിപ്ത വിവരം (Memorandum of Payment) രേഖപ്പെടുത്തുന്നില്ല.
16. ടാറിംഗ് പ്രവൃത്തികളുടെ സംഗതിയിൽ വർക്ക് ഫയലിൽ ടാർ വാങ്ങിയതിന്റെ അസ്സൽ ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല.
17. ഓപ്പൺ ടെണ്ടറിൽ വരുത്തിയിട്ടുള്ള തിരുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദാ: പ്രോജക്ട് നം.118/19 ചക്കിമുക്ക് പമ്പ് ഹൗസ് റോഡ് - 26.01% കുറഞ്ഞ നിരക്ക് തിരുത്തി എസ്റ്റിമേറ്റ് റേറ്റ് എന്നാക്കിയിരിക്കുന്നു. ടെണ്ടർ ഓപ്പൺ ചെയ്യുന്ന അധികാരി ടെണ്ടറിൽ കാണപ്പെടുന്ന തിരുത്തലുകൾ സാക്ഷ്യപ്പെടുത്തേണ്ടതായിരുന്നു)
18. അളവ് പുസ്തകങ്ങളിൽ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സിമന്റ്, കമ്പി, ബിറ്റുമിൻ എന്നിവയുടെ അളവ് സാക്ഷ്യപ്പെടുത്തുന്നില്ല.
19. 2017-18 വർഷം വരെ സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ല. ഇക്കാരണത്താൽ മുൻവർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ സെക്യൂരിറ്റി തുക മടക്കി നൽകുന്നത് സംരക്ഷണ കാലയളവിനുശേഷമാണോ എന്ന് പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. കൂടാതെ മടക്കി നൽകാൻ അവശേഷിക്കുന്ന സെക്യൂരിറ്റി തുകകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനും സാധിക്കുന്നില്ല.
20. ടെണ്ടർ രജിസ്റ്റർ നിശ്ചിത മാതൃകയിലും, ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി എഴുതി സൂക്ഷിക്കുന്നില്ല.
21. വർക്ക് ബിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
22. ടെണ്ടർ ഫോറം സ്റ്റോക്ക്, വില്പന രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല.

ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് അസി.എഞ്ചിനീയറുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-23 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി യഥാസമയം അംഗീകാരം വാങ്ങുന്നില്ല

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തത് ക്രമപ്രകാരമല്ല. പി.ഡബ്ല്യൂ.ഡി. മാന്വൽ ഖണ്ഡിക 1601.1.6 പ്രകാരം ഒരു നിർമ്മാണ പ്രവൃത്തി നടപ്പാക്കിവരുമ്പോൾ ഒറിജിനൽ പ്രോജക്ടിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റംവരുത്തുകയോ, ചെയ്യേണ്ടിവരുന്ന സാഹചര്യം മുൻകൂട്ടി കാണുന്നുവെങ്കിൽ ആ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും, കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതുമാണ്. പ്രവൃത്തി പൂർത്തിയായ ശേഷമോ, നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ (Advanced stage of completion) സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല. എന്നാൽ താഴെപറയുന്ന പ്രവൃത്തികളുടെ സംഗതിയിൽ എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി പൂർത്തിയാക്കുകയും, എം.ബുക്കിൽ ഫൈനൽ ബിൽ രേഖപ്പെടുത്തുകയും ചെയ്തതിനുശേഷമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള ഭരണാനുമതി തേടിയിട്ടുള്ളതും, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളതും.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ചെലവഴിച്ച തുക | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭരണാനുമതി നൽകിയ തീയതി | റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 38-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം - വാർഡ് 7<br>(250/19)<br>കരാറുകാരൻ - ബിനു തോമസ്<br>അടങ്കൽ - 375000<br>ട്രഷറി ബിൽ നം., തീ. – 7/18-19/20.6.18<br>എം.ബുക്ക് നം. 179/18 | 374625 | 14.05.18 | 19.06.18 | -- | റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. 18.06.18-ൽ ഫൈനൽ ബിൽ തയ്യാറാക്കിയതിനുശേഷമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |
| 2 | ചൂരക്കോട് ഗവ. എൽ.പി.എസ്. നവീകരണം (252/19)<br>കരാറുകാരൻ - ശ്രീ ബിനു തോമസ്<br>അടങ്കൽ - 100000<br>ട്രഷറി ബിൽ നം., തീ. – 5/18-19/20.6.18<br>എം.ബുക്ക് നം.171/19 | 88193 | 12.06.18 | 19.06.18 | -- | റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>14.06.18-ൽ ഫൈനൽ ബിൽ തയ്യാറാക്കിയതിനുശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരം വാങ്ങിയിട്ടുള്ളത്. |
| 3 | കുളത്തിൻകരോട്ട്പടി മന്ത്രവാദി മഠം റോഡ് റീ ടാറിംഗ് (155/19)<br>അടങ്കൽ - 470000<br>കരാറുകാരൻ - ശ്രീ കുഞ്ഞുമോൻ ഡാനിയൽ<br>ട്രഷറി ബിൽ നം., തീ. – 33/18-19/26.11.18<br>എം.ബുക്ക് നം. 12/2018-19 | 469764 | 24.10.18 | 05.11.18 | – | റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>31.10.18-ൽ ഫൈനൽ ബിൽ തയ്യാറാക്കിയതിനുഉദശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരം വാങ്ങിയിട്ടുള്ളത്. |
| 4 | ബഥേൽപ്പടി - ചാമക്കാല റോഡ് സൈഡ് കെട്ട് പുനരുദ്ധാരണം (123/19)<br>അടങ്കൽ - 480000<br>കരാറുകാരൻ - ശ്രീ ജോൺസൺ<br>ട്രഷറി ബിൽ നം., തീ – 65/18-19/26.3.19 | 479838 | 30.11.18 | 08.03.19 | -- | റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ തീയതി രേഖഉദപ്പെടുത്തിയിട്ടില്ല.<br>24.12.18-ൽ ഫൈനൽ ബിൽ തയ്യാറാക്കിയതിനുശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരം വാങ്ങിയിട്ടുള്ളത്. |

| | | | | | | |
|---|---|---|---|---|---|---|
| | എം.ബുക്ക് നം. 127/18-19 | | | | | |
| | ആകെ | 1412420 | | | | |

മുൻകൂട്ടി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണ/സാങ്കേതികാനുമതി ലഭ്യമാക്കാതെ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയത് ക്രമവിരുദ്ധമായ നടപടിയാണ്. ചെലവ് തുക 1412420 രൂപ തടസ്സപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-24 മണക്കാട് ലക്ഷം വീട് കോളനി റോഡ് ഡ്രെയിൻ (238/19) – അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി

| | |
|---|---|
| കരാറുകാരൻ | ശ്രീ രാജേഷ് കെ. |
| അടങ്കൽ | ₹780000 |
| പ്രവൃത്തി മൂല്യം | ₹609953 |
| ട്രഷറി ബിൽ നം., തീ. | 8/18-19, 31.07.18 |
| എം.ബുക്ക് നം. | 161/18 |

ടി പ്രവൃത്തിക്കായി 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 780000 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി. 2018-19-ലാണ് പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകിയിട്ടുള്ളത്. 20.51% കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ രാജേഷ് കെ. എന്ന കരാറുകാരനാണ് പ്രവൃത്തിയുടെ കരാർ നൽകിയിരുന്നത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 609953 രൂപയുടെ പ്രവൃത്തി നടത്തി. നിയമപരമായ കിഴിവുകൾ നടത്തിയതിനുശേഷം കരാറുകാരന് 597758 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഒറിജിനൽ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റംവരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് ഭരണാനുമതിയും, റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും തേടേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽനിന്നും ഭരണാനുമതിയും, അസി.എക്സി.എഞ്ചിനീയറിൽനിന്നും സാങ്കേതികാനുമതിയും തേടാതെയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അധിക അളവിൽ പ്രവൃത്തി നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Item No. | Description of work | Unit | As per Original Estimate | | | Executed | | Savings/ Excess |
|---|---|---|---|---|---|---|---|---|
| | | | Qty | Ageed Rate | Amt. | Qty | Amt. | |
| 1 | 2.8.1 Earth work in excavtion by mechanical means.......... all kind of soil | m3 | 89.200 | 220.00 | 19624 | 31.53 | 6936.6 | -12687.4 |
| 2 | 4.1.8 Providing and laying in | m3 | 16.000 | 5370.00 | 85920 | 10.130 | 54398.1 | -31521.9 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | position cement concrete...... 1:4:8 | | | | | | | |
| 3 | 4.1.6<br>Providing and laying in position cement concrete..... 1:3:6 | M3 | 36.000 | 5445.00 | 196020 | 17.6 | 95832 | -100188 |
| 4 | 5.91.<br>Centering and shuttering....... | m2 | 251.701 | 275.00 | 69217.78 | 123.830 | 34053.25 | -35164.53 |
| 5 | 4.1.3<br>Providing and laying in position cement concrete ..... 1:2:4 | M3 | 5.000 | 6500.00 | 32500 | 3.280 | 21320 | -11180 |
| 6 | 5.1.3<br>Providing and laying in position specified .... 1:2:4 | M3 | 1.800 | 7950.00 | 14310 | 2.970 | 23611.5 | 9301.5 |
| 7 | 5.22.6<br>Steel reinforcement for RCC..... | Kg | 144.000 | 80.00 | 11520 | 180.23 | 14418.4 | 2898.4 |
| | IRISH DRAIN | . | | | | | | |
| 1 | 2.28.1<br>Surface dressing of the ground...... | m2 | 224.651 | 18.00 | 4043.72 | 423.000 | 7614 | 3570.28 |
| 2 | 4.1.8<br>Proving and laying in position cement concrete..... 1:4:8 | m2 | 22.466 | 5027.55 | 112948.94 | 42.300 | 212665.37 | 99716.43 |
| 3 | 4.1.3<br>Providing and laying in position cement concrete ...... 1:2:4..... | m3 | 11.233 | 6577.00 | 73879.44 | 21.150 | 139103.55 | 65224.11 |
| | Total value of | | | | | | 609952.77 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | work done | | | | | | | |

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണ/സാങ്കേതികാനുമതി വാങ്ങാതെ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയത് ക്രമപ്രകാരമല്ല. പ്രവൃത്തിക്ക് ചെലവഴിച്ച 609953 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-25 കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ എഗ്രിമെൻറ് കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റൻറ് എഞ്ചിനീയർ പൂർത്തീകരണം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. ജി.ഒ.(പി.)നം.13/2012/പി.ഡബ്ല്യു.ഡി., തീ. 01.02.12 നമ്പർ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ കേരള പൊതു മരാമത്ത് മാന്വൽ ഖണ്ഡിക 2112 അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) ഒരു ശതമാനം പിഴയോടു കൂടിയോ (മിനിമം 1000 രൂപ, മാക്സിമം 50000 രൂപ) അതിൽ കൂടുതൽ വരുന്ന 25% വരെ സമയം കരാർ തുകയുടെ 2% പിഴയോടുകൂടിയും (മിനിമം 2000 രൂപ, മാക്സിമം 100000 രൂപ) അനുവദിക്കാവുന്നതാണ്. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം കരാർ കാലാവധിയുടെ 50%-ൽ അധികരിക്കാനും പാടില്ല.

**1. പാറക്കുട്ടം മണലിക്കൽപടി റോഡ് കോൺക്രീറ്റിംഗ് (210/19)**

അടങ്കൽ - 300000

കരാർ തുക - 299717

കരാറുകാരൻ - ശ്രീ ആർ. അജികുമാർ

എഗ്രിമെൻറ് നം. - 50/AE/LSGD/ERT/2017-18, dtd.14.11.17

കരാർ കാലയളവ് - 3 മാസം

പിഴ കൂടാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 13.02.18

പൂർത്തീകരിച്ച തീയതി - 17.09.18

അളവു പുസ്തകം - 01/2018-19

ഫൈനൽ ബിൽ തുക - 299417

പിഴ ഈടാക്കേണ്ട കാലയളവ് - 14.02.18 – 17.09.18

കരാർ കാലയളവിന്റെ 25% - 23 ദിവസം

**ഈടാക്കേണ്ട പിഴ**

| | |
|---|---|
| 14.02.18 – 08.03.18 @1% | 2997.17 |
| 09.03.18 – 17.09.18 @2% | 5994.34 |
| ആകെ | 8991.51 |

**പിഴയിനത്തിൽ 8992 രൂപ കരാറുകാരനിൽനിന്നും ഈടാക്കണം.**

**2. മണക്കാട്ട് ലക്ഷം വീട് കോളനി റോഡ് ഡ്രെയിൻ (238/19)**

അടങ്കൽ - 780000

കരാർ തുക – 619983.87

കരാറുകാരൻ- ശ്രീ രാജേഷ് കെ.

എഗ്രിമെൻറ് നം. - 2/AE/LSGD/ERT/2017-18, dtd.12.10.17

കരാർ കാലയളവ് - 3 മാസം

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 11.01.18

പൂർത്തീകരിച്ച തീയതി - 24.04.18

അളവു പുസ്തകം - 161/18

ഫൈനൽ ബിൽ തുക - 609953

പിഴ ഈടാക്കേണ്ട കാലയളവ് - 12.01.18– 24.04.18

കരാർ കാലയളവിന്റെ 25% - 23 ദിവസം

**ഈടാക്കേണ്ട പിഴ**

| | |
|---|---|
| 12.01.17 – 03.02.18 @1% | 6199.84 |
| 03.02.18 – 24.04.18 @2% | 12399.68 |
| ആകെ | 18599.52 |

**പിഴയിനത്തിൽ 18600 രൂപ കരാറുകാരനിൽനിന്നും ഈടാക്കണം.**

**3. വടക്കടത്തുകാവ് - വെള്ളക്കുളങ്ങര റോഡിൽ ഓട നിർമ്മാണം (196/19)**

അടങ്കൽ - 2283000

കരാർ തുക – 1675459.24

കരാറുകാരൻ - ശ്രീ ആർ. അജികുമാർ

എഗ്രിമെൻറ് നം. - - 64/AE/LSGD/ERT/2016.17, dtd. 02.03.17

കരാർ കാലയളവ് - 3 മാസം

പിഴ കൂടാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 01.06.17

പൂർത്തീകരിച്ച തീയതി - 25.05.18

കരാർ കാലയളവിന്റെ 25% - 23 ദിവസം

അളവു പുസ്തകം - 50/17

പ്രവൃത്തി മൂല്യം – 1210199.95

ഫൈനൽ ബിൽ തുക - 294741

പിഴ ഈടാക്കേണ്ട കാലയളവ് - 02.06.17 – 25.05.18

**ഈടാക്കേണ്ട പിഴ**

| | |
|---|---|
| 02.06.17 – 14.06.17 @1% | 16754.59 |
| 15.06.17 – 24.05.18 @2% | 33509.18 |
| ആകെ | 50263.78 |

**പിഴയിനത്തിൽ 50264 രൂപ കരാറുകാരനിൽനിന്നും ഈടാക്കണം.**

**4. കനാൽ നഗർ ചരുവിൽ അങ്കണവാടി റോഡ് റീ ടാറിംഗ് & ഐറിഷ് ഡ്രെയിൻ (223/19)**

അടങ്കൽ - 654000

കരാർ തുക – 620160.85

കരാറുകാരൻ - ശ്രീ കെ.ജെ.ബിജു

എഗ്രിമെൻറ് നം. - - 71/AE/LSGD/ERT/2017-18, dtd.20.12.17

കരാർ കാലയളവ് - 3 മാസം

പിഴ കൂടാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 19.03.18

പൂർത്തീകരിച്ച തീയതി - 30.05.18

കരാർ കാലയളവിന്റെ 25% - 23 ദിവസം

അളവു പുസ്തകം - 50/17

ഫൈനൽ ബിൽ തുക – 619241.00

പിഴ ഈടാക്കേണ്ട കാലയളവ് - 20.03.18– 30.05.18

**ഈടാക്കേണ്ട പിഴ**

| | |
|---|---|
| 20.03.18 – 11.04.18 | 6201.61 |
| 12.04.18 – 30.05.18 | 12403.22 |
| | 18604.83 |

**പിഴയിനത്തിൽ 18605 രൂപ കരാറുകാരനിൽനിന്നും ഈടാക്കണം.**

**5. വടക്കടത്തുകാവ് ഉടയാൻവിള റോഡ് കോൺക്രീറ്റിംഗ്, റാമ്പ്, സൈഡ് പ്രൊട്ടക്ഷൻ (243/19)**

അടങ്കൽ - 2319000

കരാർ തുക – 1772512.30

കരാറുകാരൻ - ശ്രീ കമറുദ്ദീൻ

എഗ്രിമെൻറ് നം. - 62/AE/LSGD/ERT/17-18, dtd. 18.12.17

കരാർ കാലയളവ് - 3 മാസം

പിഴ കൂടാതെ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 17.03.18

പൂർത്തീകരിച്ച തീയതി - 04.06.18

കരാർ കാലയളവിന്റെ 25% - 23 ദിവസം

അളവു പുസ്തകം - 164/18

ഫൈനൽ ബിൽ തുക – 1715510

പിഴ ഈടാക്കേണ്ട കാലയളവ് - 18.03.18 – 04.06.18

**ഈടാക്കേണ്ട പിഴ**

| | |
|---|---|
| 18.03.18 – 09.04.18 | 17725.12 |
| 10.04.18 – 04.06.18 | 35450.25 |
| | 53175.37 |

**പിഴയിനത്തിൽ 53175 രൂപ കരാറുകാരനിൽനിന്നും ഈടാക്കണം.**

ടി പ്രവൃത്തികളുടെ കരാറുകാരിൽനിന്നും നിയമാനുസൃതമായി ഈടാക്കേണ്ടതായ പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-26 റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം ഫലപ്രദമല്ല

പത്തനംതിട്ട ജില്ലയിൽ ഏറ്റവും കൂടുതൽ റോഡ് മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്ന പഞ്ചായത്താണ് ഏറത്ത് ഗ്രാമപഞ്ചായത്ത്. ഓഡിറ്റ് വർഷം 4.28 കോടി രൂപയാണ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമായത്. എന്നാൽ ലഭ്യമാകുന്ന റോഡ് മെയിന്റനൻസ് ഗ്രാന്റ് എങ്ങിനെയും ചെലവഴിക്കുക എന്നതിലുപരിയായി ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിൽ പഞ്ചായത്ത് ശ്രദ്ധിക്കുന്നില്ല. ഫണ്ട് എളുപ്പത്തിൽ ചെലവഴിക്കുന്നതിനായി വാർഡ് അടിസ്ഥാനത്തിൽ വീതം വെച്ച് ഗ്രാമീണ റോഡുകളുടെ വശങ്ങളിൽ ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനാണ് റോഡ് മെയിന്റനൻസ് ഫണ്ടിന്റെ സിംഹഭാഗവും ചെലവഴിക്കുന്നത്. വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ പരമാവധി കാര്യക്ഷമതയും, മിതവ്യയവും പാലിക്കണമെന്നും, ഫലപ്രദമല്ലാത്തതോ പാഴ്ച്ചെലവ് വരുത്തുന്നതോ ആയ രീതിയിലുള്ള വിഭവ വിനിയോഗം ഒഴിവാക്കണമെന്നുമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമാണ് പഞ്ചായത്തിന്റെ നടപടി. ഐറിഷ് ഓട നിർമ്മിച്ചിട്ടുള്ള റോഡുകളിൽ ഭാവിയിൽ കേബിളോ, വാട്ടർ അതോറിട്ടിയുടെ പൈപ്പ് ലൈനോ ഇടുമ്പോൾ ഇത്തരം നിർമ്മാണങ്ങൾ പൊളിക്കേണ്ടതായ സാഹചര്യമാണുള്ളത്. റോഡ് നിർമ്മാണം, റോഡ് പുനരുദ്ധാരണം/മെച്ചപ്പെടുത്തൽ എന്നീ പ്രവൃത്തികളിൽ കോൺക്രീറ്റ് പണികൾ ചെയ്യുന്നത് ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അനുവദനീയമായ സ്ഥലങ്ങളിൽ മാത്രമാകണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ യാതൊരു മാനദണ്ഡവും ഇല്ലാതെയാണ് വ്യാപകമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതെന്നാണ് പരിശോധനയിൽ കാണുന്നത്. ഗുണമേന്മയുള്ളതും, ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ കോടികൾ ലഭ്യമാകുന്ന പഞ്ചായത്ത് പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് ശ്രമിക്കാതെ വാർഡ് അടിസ്ഥാനത്തിൽ നേരിയ തോതിൽ ഫണ്ട് വിന്യസിക്കുകയാണ് ചെയ്യുന്നത്. വർഷങ്ങളായി തുടർന്നുവരുന്ന ഈ രീതി തീർത്തും അഭിലഷണീയമല്ല. ഐറിഷ് ഓടയുടെ നിർമ്മാണം, അനിവാര്യമായ സാഹചര്യത്തിൽ, ഓട നിർമ്മിക്കാൻ കഴിയാത്തവിധം വീതികുറഞ്ഞ റോഡുകളിലേക്ക് മാത്രമായി പരിമിതപ്പെടുത്തുകയും, 5 മീറ്ററിൽ അധികം വീതിയുള്ള റോഡുകളിൽ സ്ഥിരം ഓട നിർമ്മിക്കുകയും ചെയ്യുന്നതാണ് അഭികാമ്യമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഈ വിഷയത്തിൽ എൽ.എസ്.ജി.ഡി. ഉന്നതാധികാരികളുടെയും, പഞ്ചായത്ത് ഭരണസമിതിയുടെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-27 പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മാണത്തിനിടെ തകർന്നു

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറത്ത് ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 55 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. ആയത് പ്രകാരം രണ്ട് നിലകളിലായി 898.53 ച.മീറ്റർ വരുന്ന കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കി മണ്ണ് പരിശോധനയും, സ്ട്രക്ചർ ഡിസൈൻ ചെയ്തത് അനുസരിച്ച് തറനിരപ്പ് നിലയുടെ സ്ട്രക്ചർ പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിയത് കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗമാണ്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് 21.11.2017-ൽ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയർ TS No.89795/2017-18 പ്രകാരം സാങ്കേതികാനുമതി നല്കി. പ്രവൃത്തി ഇ-ടെണ്ടർ ചെയ്തതിൽ 13.25% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ ഷിജു ജെ., ജെ.ആർ. ഭവൻ, കൊട്ടാരക്കര എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് കരാർ നം.80/AE/LSGD/ERT/17-18, തീ.26.12.2017). കരാറുകാരൻ 23.01.18-ൽ പ്രവൃത്തി

ആരംഭിക്കുകയും ഓഡിറ്റ് തീയതിവരെ 2627193 രൂപയുടെ പ്രവൃത്തി നടത്തുകയും രണ്ട് പാർട്ട് ബില്ലുകൾ പ്രകാരം 2461303 രൂപ പഞ്ചായത്തിൽനിന്നും കൈപ്പറ്റുകയും ചെയ്തു. 31.03.2019-ൽ 2-ാം പാർട്ട് ബിൽ തുക വാങ്ങിയതിനുശേഷം പണി തുടർന്നുവരവെ 10.05.2019 തീയതിയിൽ കെട്ടിടത്തിന്റെ റൂഫ് സ്ലാബിന്റെ കോൺക്രീറ്റ് നടക്കുന്ന വേളയിൽതന്നെ തട്ട് (Formwork & Shuttering) തകർന്ന് മേൽക്കൂരയുടെ ഒരു ഭാഗം നിലംപൊത്തുകയായിരുന്നു. തട്ട് താങ്ങി നിർത്തിയിരുന്ന ഇരുമ്പ് പൈപ്പുകൾ (Vertical members of shuttering) ഒടിഞ്ഞതാണ് തട്ട് തകരാൻ കാരണമായി പ്രവൃത്തിയുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന എഞ്ചിനീയർ വിശദീകരിച്ചത്.

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയർ കൺവീനറായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റി കെട്ടിടം തകരുന്നതിനുള്ള കാരണം വിശദമായി പരിശോധിക്കുകയും ചെയ്തിട്ടുള്ളതാണ്. ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടില്ല. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിലുണ്ടായിട്ടുള്ള അപാകത പരിഹരിച്ച് നിർമ്മാണം പുനരാരംഭിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു.

2017 ഡിസംബർ മാസം എഗ്രിമെന്റ് വെച്ച് നിർമ്മാണം ആരംഭിച്ച ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 1 വർഷമായിരുന്നു. 2018 ഡിസംബറോടെ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. ടി അപാകത കാരണം നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. കെട്ടിട നിർമ്മാണം എത്രയും വേഗം പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ എൽ.എസ്.ജി.ഡി. ഉന്നതാധികാരികളുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 3-28 നീർത്തട പദ്ധതി നടപ്പായില്ല – അക്കൗണ്ടിൽ 29.4 ലക്ഷം രൂപ മുടങ്ങി കിടക്കുന്നു

പശ്ചിമ ഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 വർഷം ഗ്രാമപഞ്ചായത്തിലെ കിളിവയൽ നീർത്തട പദ്ധതിയ്ക്കായി 26.14 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് വിഹിതമായി 326813 രൂപയും ചേർത്ത് ആകെ 2940913 രൂപ അടൂർ സബ് ട്രഷറിയിൽ കൃഷി ഓഫീസറുടെയും, പ്രസിഡന്റിന്റേയും പേരിലുള്ള സംയുക്ത ആക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പശ്ചിമ ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ അനുമതി നൽകുകയും നാളിതുവരെയും ആരംഭിക്കാത്തതുമായ പദ്ധതികൾ സർക്കാരിൽനിന്നും പ്രത്യേക അറിയിപ്പുണ്ടാകുന്നതുവരെ ആരംഭിക്കേണ്ടതില്ലെന്ന ജി.ഒ. (എം.എസ്.)435/2016/പ്ലാനിംഗ്, തീ. 29.11.16-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്നാണ് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാതിരുന്നത്.

നീർത്തട പദ്ധതിയ്ക്ക് 31.03.15-ൽ വിഹിതം ലഭിക്കുകയും, 03.10.15-ൽ ഭരണാനുമതി വാങ്ങുകയും ചെയ്തെങ്കിലും യഥാസമയം ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം വാങ്ങി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് വീഴ്ച വരുത്തി. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുകയും, തുടർന്ന് മേൽപറഞ്ഞ ഉത്തരവ് ഇറങ്ങുകയും ചെയ്തതിനെ തുടർന്ന് പ്രോജക്ട് നിർവ്വഹണം തടസ്സപ്പെടുകയായിരുന്നു. പദ്ധതിയ്ക്ക് ലഭ്യമായ തുക വർഷങ്ങളായി യാതൊരു പ്രയോജനവുമില്ലാതെ ട്രഷറി അക്കൗണ്ടിൽ നിർജ്ജീവമായി കിടക്കുകയാണ്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ ആരാഞ്ഞുകൊണ്ട് കൃഷി ഓഫീസർ ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് കത്ത് നൽകിയെങ്കിലും പ്ലാനിംഗ് ഓഫീസിൽനിന്നോ, സർക്കാരിൽനിന്നോ നാളിതുവരെ യാതൊരു നിർദ്ദേശവും ഇക്കാര്യത്തിൽ ലഭിച്ചിട്ടില്ല. കിളിവയൽ നീർത്തട പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് ഉതകുമായിരുന്ന പദ്ധതിയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള സമയബന്ധിതമായ നടപടികളുടെ അഭാവത്തിൽ മുടങ്ങികിടക്കുന്നത്. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനാണ് സർക്കാർ പറഞ്ഞിരുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകൾ സർക്കാരുമായി ബന്ധപ്പെട്ട് ആരായേണ്ടതാണ്.

# 3-29 നീർത്തട അക്കൗണ്ടിൽ നിഷ്ക്രീയമായി കിടക്കുന്ന തുക തിരിച്ചടയ്ക്കണം

പുതുശ്ശേരിഭാഗം നീർത്തട പദ്ധതിയുടെ ഭാഗമായി കൃഷി ഓഫീസറുടെയും, പ്രസിഡന്റിന്റെയും പേരിൽ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ ഉള്ള അക്കൗണ്ടിൽ (No.507102010015060) 222546 രൂപ അവശേഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയിട്ടുള്ള ഈ തുക പദ്ധതി പ്രവർത്തനങ്ങൾ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്തിൽ തിരികെ ഒടുക്കേണ്ടതാണ്.

# 3-30 അഗതി രഹിത കേരളം പദ്ധതി മുടങ്ങികിടക്കുന്നു

തദ്ദേശഭരണ സ്ഥാപനങ്ങളിലെ അശരണരും, നിരാലംബരായവരുമായ എല്ലാ അഗതി കുടുംബങ്ങളേയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതിയെന്ന നിലയിൽ അഗതി രഹിത കേരളം എന്ന പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിന് ജി.ഒ.(എം.എസ്.)252/17/തസ്വഭവ, തീ. 12.12.17 ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതനുസരിച്ച് 180 ഗുണഭോക്തൃ കുടുംബങ്ങൾ ഉൾപ്പെടുന്ന 1,08,86,200 രൂപ അടങ്കലുള്ള പദ്ധതി ഗ്രാമപഞ്ചായത്ത് തയ്യാറാക്കുകയും 02.03.19-ലെ കെ.എസ്./എൽ/13100/18 ഉത്തരവ് പ്രകാരം സംസ്ഥാന മിഷൻ ആക്ഷൻ പ്ലാനിന് അംഗീകാരം നൽകുകയും ചെയ്തു. ആശ്രയ പദ്ധതിയ്ക്ക് മുൻപ് അംഗീകരിച്ച തുകകളിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക അഗതി രഹിത കേരളം പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് ജി.ഒ.(എം.എസ്.)188/18/തസ്വഭവ., തീ. 6.12.18 ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കിലുള്ള ആശ്രയ അക്കൗണ്ടിൽ 2194459 രൂപ അവശേഷിക്കുന്നുണ്ട്. അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് ബാങ്ക് ഓഫ് ബറോഡയിൽ അക്കൗണ്ട് ആരംഭിച്ചുവെങ്കിലും ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിലുള്ള തുക ഈ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാരണത്താൽ പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

പദ്ധതിയുടെ മേൽനോട്ടത്തിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷയായും, സെക്രട്ടറി കൺവീനറായും വിലയിരുത്തൽ സമിതി രൂപീകരിച്ച് പദ്ധതി പ്രവർത്തനം നിരന്തരം വിലയിരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ നിർദ്ദേശം നടപ്പായിട്ടില്ല. അഗതി കേരളം പദ്ധതിയ്ക്ക് ജില്ലയിൽ ആദ്യ ഘട്ടത്തിൽതന്നെ അംഗീകാരം ലഭിച്ച പഞ്ചായത്തായിട്ടും പദ്ധതി പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ഖേദകരമാണ്. നിസ്സാര സാങ്കേതിക കാരണങ്ങളാൽ പദ്ധതി മുടങ്ങി കിടക്കുന്നത് അഭിലഷണീയമല്ല. തടസ്സങ്ങൾ നീക്കി പദ്ധതി എത്രയും വേഗം ആരംഭിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-31 ഖരമാലിന്യ പരിപാലനം - ഹരിത കർമ്മ സേനയുടെ പ്രവർത്തനം ആരംഭിച്ചില്ല

ഖരമാലിന്യ പദ്ധതി നടപ്പിലാക്കുന്നതിൽ തികഞ്ഞ അലംഭാവമാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ തുടർച്ചയായി ഖരമാലിന്യ പരിപാലനത്തിന് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും നടപ്പിലാക്കുന്നില്ല.

ഖരമാലിന്യ പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഓരോ പ്രദേശത്തേയും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ജൈവമാലിന്യം ഉറവിടത്തിൽതന്നെ പരിപാലിക്കുന്നതിനും, പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഹരിത കേരള മിഷനുമായി സംയോജിപ്പിച്ച് കർമ്മ പരിപാടികൾ തയ്യാറാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും, കർമ്മ സമിതിയും

എല്ലാ വാർഡ് മെമ്പർമാരും, യോഗം ചേർന്ന് മാലിന്യ സംസ്കരണത്തിനുള്ള രൂപരേഖ ചർച്ച ചെയ്യണമെന്നും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന മുഖേനയായിരിക്കണമെന്നും സ.ഉ.(സാധ.)2420/2017/തസ്വഭവ, തീ. 15.07.17 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്ന കാര്യത്തിൽ തികഞ്ഞ ഉദാസീനതയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ടെങ്കിലും തുടർ പ്രവർത്തനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ നാളിതുവരെ സൃഷ്ടിക്കാനായിട്ടില്ല. ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയൽസ് കളക്ഷൻ സെന്ററുകൾ (MCF) സ്ഥാപിച്ചിട്ടില്ല.

2017-18 വർഷം ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് വിതരണം ചെയ്യുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 500000 രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിരുന്നെങ്കിലും (പ്രോ.നം.252/18) പദ്ധതി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കി. ഓഡിറ്റ് വർഷം വികസന ഫണ്ടിൽനിന്നും 4 ലക്ഷം രൂപയും ശുചിത്വ മിഷൻ ഫണ്ടിൽനിന്നും 12 ലക്ഷം രൂപയും ഉൾപ്പടെ ആകെ 16 ലക്ഷം രൂപ വകയിരുത്തി വി.ഇ.ഒ-യുടെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും പദ്ധതിയുടെ പ്രാഥമിക നടപടികൾക്കായി (പരിശീലനത്തിനും, നോട്ടീസ് തയ്യാറാക്കുന്നതിനും) 17320 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ജി.ഒ.(എം.എസ്.)1391/2018/ത.സ്വ.ഭ.വ., തീ.19.05.18 പ്രകാരം ഹരിതകർമ്മ സേനയുടെ പ്രാഥമിക ചെലവുകൾ വഹിക്കുന്നതിനായി 6 മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനുള്ള തുക പ്ലാൻ ഫണ്ടിൽനിന്നും വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ഇതിനുശേഷം യാതൊരു സാഹചര്യത്തിലും ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിന് അധിക ഫണ്ട് അനുവദിക്കുന്നതല്ലായെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

ഹരിത കർമ്മ സേനയുടെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും വിധം യൂസർ ഫീസ് പിരിച്ചെടുക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്ന വിലയിരുത്തലിലാണ് വികസന ഫണ്ടിൽനിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് സർക്കാർ 6 മാസം കൂടി അനുവദിച്ചത്. ഈ കാലയളവിനുള്ളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം സ്വയംപര്യാപ്തമാക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം ഈ കാലയളവിനുള്ളിൽ ആരംഭിക്കാത്തതിനാൽ വികസന ഫണ്ട് ഈ പദ്ധതിയ്ക്ക് ചെലവഴിക്കാനുള്ള സാധ്യതയാണ് ഇല്ലാതായത്.

മാലിന്യ നിർമ്മാർജ്ജനം ഗ്രാമപഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ അർഹിക്കുന്ന വിഷയമായതിനാൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾ ഏത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 3-32 ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കുന്നില്ല

കുടുംബശ്രീ ജില്ലാ മിഷനിൽനിന്നും 09.07.14-ൽ അമ്പതിനായിരം രൂപ വിലവരുന്ന കാർഷിക യന്ത്രോപകരണങ്ങൾ ഗ്രാമപഞ്ചായത്തിൽ കാർഷിക സഹായ കേന്ദ്രം ആരംഭിക്കുന്നതിനായി ലഭിച്ചിരുന്നു. ഇപ്രകാരം ലഭിച്ച ഉപകരണങ്ങൾ കാർഷിക സഹായകേന്ദ്രം ആരംഭിച്ച് കർഷകർക്ക് ന്യായമായ നിരക്കിൽ വാടകയ്ക്ക് നൽകി സി.ഡി.എസ്. ഫണ്ടിൽ മുതൽ കൂട്ടുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇപ്രകാരം കാർഷിക സഹായ കേന്ദ്രം ആരംഭിച്ചില്ലെന്നു മാത്രമല്ല ലഭിച്ച ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നുമില്ല. ഉപയോഗപ്പെടുത്താതെ കിടക്കുന്ന ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl. No. | Item | Qty. | Price |
|---|---|---|---|
| 1 | ബ്രഷ് കട്ടർ | 1 | 14761.90 |

| | | | |
|---|---|---|---|
| 2 | ഗാർഡൻ ടില്ലർ 2 HP | 1 | 18571.43 |
| 3 | ടീ കട്ടർ | 1 | 14500 |
| 4 | സ്പ്രേയർ 2 ലി. | 2 | 500 |

ഇത് കൂടാതെ ഒരു സന്നദ്ധ സംഘടന സംഭാവന ചെയ്ത ചുവടെ ചേർക്കുന്ന ഉപകരണങ്ങളും ഉപയോഗമില്ലാതെ സി.ഡി.എസി-ന്റെ അധീനതയിൽ സൂക്ഷിച്ചിട്ടുണ്ട്.

| Sl. No. | Item | Qty. |
|---|---|---|
| 1 | സ്പ്രേയർ 3 ലി. | 7 |
| 2 | തൂമ്പ | 7 |
| 3 | റബ്ബർ കുട്ട | 7 |
| 4 | പിക് ആക്സ് | 7 |
| 5 | ഗാർഡൻ റേക്ക് | 7 |
| 6 | റോസ് ക്യാൻ | 7 |
| 7 | അരിവാൾ | 7 |

ഈ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ടി ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-33 ഇ.എം.എസ്. ഭവന പദ്ധതിയുടെ അക്കൗണ്ടിൽ 2.07 ലക്ഷം രൂപ ചെലവാകാതെ അവശേഷിക്കുന്നു

ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്കായി പ്രസിഡന്റിന്റേയും, വി.ഇ.ഒ.-യുടെയും പേരിൽ ആരംഭിച്ച സംയുക്ത ബാങ്ക് അക്കൗണ്ടിൽ പലിശ ഉൾപ്പടെ 207555 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇ.എം.എസ്. ഭവന പദ്ധതിക്ക് ലോൺ എടുത്തതും, പഞ്ചായത്ത് വികസന ഫണ്ടിൽനിന്നും വകയിരുത്തിയതുമായ തുക ഉൾപ്പടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക അടിയന്തിരമായി ചെലവഴിക്കണമെന്നും വായ്പതുക തിരിച്ച് അടച്ചതിനുശേഷവും തുക ശേഷിക്കുന്നുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപനം ഏറ്റെടുക്കുന്ന പുതിയ ഭവന നിർമ്മാണ പദ്ധതിക്ക് ഉപയോഗിക്കണമെന്നും 12.11.14-ലെ ജി.ഒ.(എം.എസ്.)2957/14/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നെങ്കിലും പഞ്ചായത്ത് ബാലൻസ് ഫണ്ട് ഇപ്രകാരം ചെലവഴിക്കുന്നതിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം നിർമ്മാണം പൂർത്തിയാക്കിയ LIFE പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് യഥാസമയം തുക നൽകുന്നതിന് കഴിയാത്ത സ്ഥിതിയിൽ സർക്കാർ ഉത്തരവ് നടപ്പിലാക്കാതിരുന്നത് ശരിയായ നടപടിയല്ല. ബാക്കി തുക LIFE പദ്ധതിക്ക് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തുകയോ ചെയ്യേണ്ടതാണ്.

## 3-34 നിർജ്ജീവ അക്കൗണ്ട് ക്ലോസ് ചെയ്യണം

സമ്പൂർണ്ണ ശുചിത്വ പദ്ധതിക്കായി വി.ഇ.ഒ-യുടെ പേരിൽ അടൂർ എസ്.ബി.റ്റി. ബാങ്കിൽ (അക്കൗണ്ട് നം.57067781278) ആരംഭിച്ച അക്കൗണ്ടിൽ പലിശ ഉൾപ്പടെ 10616 രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് വർഷങ്ങളായി നിർജ്ജീവമായി കിടക്കുകയാണ്. അക്കൗണ്ട് ക്ലോസ് ചെയ്ത് തുക സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-35 ജാഗ്രതാ സമിതി നിർജ്ജീവം

ഓരോ ഗ്രാമപഞ്ചായത്തും ആ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയ്ക്കുള്ളിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങളും, അവകാശ ലംഘനങ്ങളും തടയുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജാഗ്രതാ സമിതി ശക്തിപ്പെടുത്തുന്നതിനും, കൗൺസിലിംഗ് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രോജക്ടുകൾ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധ ചെലുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജാഗ്രതാ സമിതി നിലവിൽ പ്രവർത്തിക്കുന്നില്ല. വാർഡ് തലത്തിലെയും, പഞ്ചായത്ത് തലത്തിലെയും ജാഗ്രതാ സമിതികൾ പുനസംഘടിപ്പിക്കുന്നതിനും, സമിതികൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-36 വാർഷിക പദ്ധതിയിൽ വനിതാ ഘടക പദ്ധതിയ്ക്ക് 10 ശതമാനം തുക വകയിരുത്തിയില്ല

2018-19 വർഷം വനിതാ ഘടക പദ്ധതിയിൽ സ്പിൽ ഓവറായി ഒരു പദ്ധതി മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. വനിതാ ഘടക പദ്ധതിയിൽ മുട്ടക്കോഴി വിതരണം എന്ന സ്പിൽ ഓവർ പദ്ധതിയ്ക്ക് പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 71500 രൂപ വകയിരുത്തുകയും, 61500 രൂപ ചെലവഴിക്കുകയും ചെയ്തു. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 2018-19 വർഷം കുറഞ്ഞത് 20.11 ലക്ഷം രൂപ വനിതാ ഘടകപദ്ധതിയ്ക്കായി വകയിരുത്തേണ്ടതായിരുന്ന സ്ഥാനത്താണ് കേവലം 71500 വകയിരുത്തിയത്. 13-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ട്, എസ്.സി.പി., ടി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തണം.

| ഫണ്ടിനം | ലഭ്യമായ ഫണ്ട് |
|---|---|
| പൊതു വിഭാഗം വികസന ഫണ്ട് | 16664000 |
| എസ്.സി.പി. ഫണ്ട് | 11615000 |
| ടി.എസ്.പി. | 300000 |
| ആകെ | 28579000 |
| വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ടിയിരുന്ന തുക (10%) | 2857900 |

സ്ത്രീകളുടെ തൊഴിലും, വരുമാനവും, സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി സർക്കാർ നിഷ്കർഷിച്ച പ്രകാരം തുക വകയിരുത്താതിരുന്നത് ഗൗരവതരമായ വീഴ്ചയാണ്. മാർഗ്ഗരേഖയുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2522124 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 2521779 | 345 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1004651 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) | 960000 | 44651 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 201100 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായം | 145600 | 55500 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 5887070 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 5778221 | 108849 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2803394 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) | 300000 | 2503394 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | പാലിയേറ്റിവ് കെയർ | 409310 | 90690 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | അങ്കണവാടികളിൽ അനുപൂരക പോഷകാഹാരം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3000000 | സുഫലം | 3000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | ഭക്ഷ്യ വിളകളുടെ കൃഷി വ്യാപനം | 1000000 | 0 |
| ആകെ | | 17618339 | | 14814910 | 2803429 |

# 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ത്തുവയൂർ വടക്ക് വാർഡിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (55/19) | 200000 | 0 | 200000 |
| | പൈപ്പ് ലൈൻ നീട്ടൽ (184/19) | 140000 | 0 | 140000 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റ് സ്ഥാപിക്കൽ (273/19) | 76600 | 0 | 76600 |
| | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (275) | 228250 | 0 | 228250 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി – ഹഡ്കോ ലോൺ | 14157056 | 14157056 | | | 14157056 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ലഭിച്ച 61015 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കായ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം., തീയതി |
|---|---|---|---|---|
| 2000-2001 | 18 | 34947 | ശ്രീ എം.നസീർ, സെക്രട്ടറി | 118110400003/16.07.18 |
| 2000-2001 | 20 | 26068 | ശ്രീ ഹരിബാലൻ, സെക്രട്ടറി | 11110400010/22.09.18 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(1) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിയിൽ വിശദീകരണം നൽകിയിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) [റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 131581247 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113022365 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 58000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5147991 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക<br>സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 58000 | ശ്രീമതി സുചിത്രാദേവി എം., സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 94768 | ശ്രീമതി സുചിത്രാദേവി എം., സെക്രട്ടറി |
| 3-8 | 600000 | ശ്രീമതി ഷൈലജ കെ., അസി.സെക്രട്ടറി |
| 3-9 | 423000 | ശ്രീമതി ഷൈലജ കെ., അസി.സെക്രട്ടറി |
| 3-10(1) | 296740 | ശ്രീമതി വി.ആർ.ശ്യാമള, ഹെഡ്മിസ്ട്രസ് |
| 3-10(2) | 465090 | ശ്രീമതി വി.ആർ.ശ്യാമള, ഹെഡ്മിസ്ട്രസ് |
| 3-10(3) | 308360 | ശ്രീമതി സി.എം.ബുഷ്റ, എച്ച്.എം. |
| 3-11 | 837660 | ശ്രീമതി സി.എം.ബുഷ്റ, എച്ച്.എം. |
| 3-12 | 100000 | ശ്രീമതി വി.ആർ.ശ്യാമള, ഹെഡ്മിസ്ട്രസ് |
| 3-23 | 1412420 | ₹462818 – ശ്രീ സൂരജ് സി.ജെ., അസി.എഞ്ചിനീയർ<br>₹949602 – ശ്രീമതി രമ്യാ സത്യൻ വി., അസി.എഞ്ചിനീയർ |
| 3-24 | 609953 | ശ്രീമതി രമ്യാ സത്യൻ വി., അസി.എഞ്ചിനീയർ |
| ആകെ | 5147991 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖ. 3-2, 3-4

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുചിത്രാദേവി, സെക്രട്ടറി | സെക്രട്ടറി, ഏറത്ത് ഗ്രാമപഞ്ചായത്ത് | ശ്രീമംഗലത്ത് വലിയ പാടം, വിലന്തറ പി.ഒ., കൊല്ലം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ പി3- 771/97 തീയതി 03.06.98 | 3 |
| 1996-97 | എൽ.എഫ്.പി.റ്റി.എ പി3-66/98 തീയതി 08.07.98 | 6 |
| 1997-98 | എൽ.എഫ്.പി.റ്റി.എ പി4-148/07തീയതി 04.12.07 | 3 |
| 1998-99 | എൽ.എഫ്.പി.റ്റി.എ പി4-149/07തീയതി 12.06.07 | 1 |
| 1999-00 | എൽ.എഫ്.പി.റ്റി.എ പി4-481/07തീയതി 16.10.07 | 2 |

| | | |
|---|---|---|
| (വരവ്) | | |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ പി3-606/00തീയതി 14.08.01 | 7 |
| 2000-01(വരവ്) | എൽ.എഫ്.പി.റ്റി.എ പി4-482/07തീയതി 16.10.07 | 3 |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ പി2-704/02തീയതി 31.03.03 | 9 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ പി2-453/04തീയതി 13.01.05 | |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ പി4-703/06തീയതി 05.12.06 | 4 |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ പി4-647/07തീയതി 16.10.07 | 2 |
| 2002-03 | എൽ.എഫ്.പി.റ്റി.എ പി2-751/04തീയതി 05.04.05 | 10 |
| 2003-04 | എൽ.എഫ്.പി.റ്റി.എ പി10-474/08തീയതി 27.02.10 | 9 |
| 2004-05 | എൽ.എഫ്.പി.റ്റി.എ പി10-479/08തീയതി 30.03.10 | 9 |
| 2005-06 | എൽ.എഫ്.പി.റ്റി.എപി10-340/10തീയതി 06.01.11 | 9 |
| 2006-07 | എൽ.എഫ്.പി.റ്റി.എ പി4-392/11തീയതി 22.11.12 | 18 |
| 2007-08 to10-11 | എൽ.എഫ്.പി.റ്റി.എ പി10-1113/12തീയതി 20.03.13 | 21 |
| 2011-12 &12-13 | എൽ.എഫ്.പി.റ്റി.എപി10-588/14തീയതി 27.10.14 | 5 |
| 2013-14 | എൽ.എഫ്.പി.റ്റി.എപി10-322/15തീയതി 12.06.15/13.07.15 | 2 |
| 2014-15 | എൽ.എഫ്.പി.റ്റി.എപി10-775/15തീയതി 26.08.2015 | 3 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി.10.1321/16 തീയതി 07.12.2016 | 2 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി.10.669/17 തീയതി 22.06.2017 | 17 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി.10/1357/2018 തീയതി 24.10.2018 | 25 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പി.കെ. വിജയലക്ഷ്മി**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.10/604(എ)/2019 തീയതി 08.08.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ **ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ** 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ** 2018-19ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**പി.കെ.വിജയലക്ഷ്മി**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

## AUDIT CERTIFICATE

No.KSAPTA.P10/604(A)/2019 Dated 08.08.2019

Certified that I have Audited the Annual Financial Statement of **Erathu Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Erathu Grama Panchayat** for the year 2018-19 except the observations in my audit report properly presents the picture of income and expenditure.

**P.K.Vijayalekshmi**

**Deputy Director**

**Kerala State Audit Department**

**Pathanamthitta**